
# ലിറ്റിൽ മാസിക


ലക്കം 127 മെയ് 2011

**സൂപ്പർമാനും അമേരിക്കക്കെതിരെ**




## സമാധാനത്തിലേക്കുള്ള പ്രയാണത്തിൽ എന്റെ പെൺമക്കൾ അവസാനത്തെ രക്തസാക്ഷികളായിരുന്നെങ്കിൽ ........





ചിത്രം : രവീന്ദ്രനാഥ ടാഗോർ

**ലിറ്റിൽ മാസിക**

ചുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

127

ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

ലേഔട്ട്
**ലിമാ ക്രിയേറ്റീവ**

പ്രിന്റിംഗ്
4 പ്രിന്റ്,മഞ്ചേരി
0483 3261001

**Copy left**

ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. കോപ്പിറൈറ്റ് എന്ന ആശയത്തിന് നേർ വിപരീതമാണ് കോപ്പി ലെഫ്റ്റ്. ആശയങ്ങളുടെ തടസ്സമില്ലാത്ത ഒഴുക്കാണ് കോപ്പിലെഫ്റ്റ് എന്നപ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്.

# ‘ I shall not hate

# അഹിംസയുടെ പ്രവാചകൻ

**തുണ്ടം തുണ്ടമായ തന്റെ ഓമന പെൺമക്കളുടെ ജഡങ്ങൾക്ക് മുന്നിലും സമാധാനത്തിലേക്കുള്ള പ്രയാണം സ്വപ്നം കണ്ട പാലസ്തീൻ ഡോക്ടറുടെ മനസ.....**

ലോകത്ത് ഇന്ന് ജീവിച്ചിരിക്കുന്ന അഹിംസാവാദികളിൽ വെച്ച് അഹിംസയുടെ പ്രവാചകൻ എന്ന് തന്നെ വിശേഷിപ്പിക്കാവുന്ന മഹാ വ്യക്തിത്വമാണ് ഇസൽ ദിൻ അബു ഇലായിഷ്. മനുഷ്യന് ഇത്രത്തോളം വളരാനാവുമോ എന്ന് അതിശയിച്ചുകൊണ്ടേ ഇസൽ ദിൻ എന്ന പാലസ്തീൻ ഭിഷഗ്വരനെ പഠിക്കാനാവൂ. തെൽ അവീവിലെ ജെർട്നർ ഇൻസ്റ്റിറ്റ്യൂട്ടിൽ സീനിയർ റിസർച്ചറായി ജോലി ചെയ്തുവരവേയാണ് 2009 ജനുവരി 16 ന് അദ്ദേഹവും കുടുംബവും ഉറങ്ങിക്കിടക്കുമ്പോൾ ഇസ്രായേലിന്റെ ഷെല്ലാക്രമണത്തിൽ അദ്ദേഹത്തിന്റെ മൂന്ന് പെൺമക്കൾ അതിദാരുണമായി കൊല്ലപ്പെട്ടത്. ജൂതവംശരുടെ സ്നേഹാദരങ്ങൾക്ക് പാത്രമായിരുന്ന ഇസൽ ദിന് നേരെയുണ്ടായ ആക്രമണത്തിനെതിരെ ഇസ്രായേലിൽ തന്നെ പ്രതിഷേധമുണ്ടായി. വിനാശത്തിന്റെയും വൈരത്തിന്റെയും അന്ധത ബാധിച്ച ആക്രമണകാരികൾക്ക് പക്ഷേ കണ്ണും കരളുമുണ്ടാവില്ലല്ലോ. മൂന്ന് പെൺമക്കളുടെ വിറങ്ങലിച്ച ശരീരങ്ങൾക്ക് മുന്നിലും ഈ പാലസ്തീൻ ഡോക്ടറുടെ മനസ് സമാധാനത്തിന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ചില്ല. ഒരു പിതാവിന്റെ സ്വകാര്യദു:ഖത്തിനപ്പുറം രണ്ട് സമൂഹങ്ങൾ തമ്മിലുള്ള വൈരം ശാശ്വതമായി പരിഹരിക്കാനുള്ള പുതുവഴികൾ തിരയുന്നിടത്തോളം പക്വമായിരുന്നു ഇസൽ ദിനിന്റെ മനസ്. സമാധാനത്തിലേക്കുള്ള പ്രയാണത്തിൽ തന്റെ പെൺമക്കൾ അവസാനത്തെ രക്തസാക്ഷികളായിരുന്നെങ്കിൽ എന്നാണ് അദ്ദേഹം പ്രതികരിച്ചത്.


പാലസ്തീനികളും ജൂതരും പരസ്പരം അവരവരുടെ അസ്തിത്വം അംഗീകരിച്ച് കഴിയുന്ന ഒരു ലോകം അദ്ദേഹം സ്വപ്നം കാണുന്നു. താൻ നേരിട്ട കൊടിയ പീഢനങ്ങളെയും ദുരന്തങ്ങളെയും തന്റെ തീക്ഷ്ണ അനുഭവങ്ങളെയും അനാവരണം ചെയ്യുന്ന അദ്ദേഹത്തിന്റെ ഓർമ്മക്കുറിപ്പുകൾ ലണ്ടനിൽ ഈയിടെ പുറത്തുവന്നു. തന്റെ പുസ്തകത്തിന് നൽകിയ തലക്കെട്ടും അദ്ദേഹത്തിന്റെ സന്ദേശം ഉൾവഹിക്കുന്നു ‘ I shall not hate’. കൊടിയ ദുരന്തങ്ങൾക്ക് മുന്നിലും തുണ്ടം തുണ്ടമായ തന്റെ ഓമന പെൺമക്കളുടെ ജഡങ്ങൾക്ക് മുന്നിലും അദ്ദേഹം പറയുന്നത് തനിക്ക് വെറുപ്പില്ല എന്നാണ്.

2010-ലെ സമാധാനത്തിനുള്ള നൊബേൽ സമ്മാനത്തിന്റെ അവസാന റൗണ്ട് വരെയെത്തിയത് ഈ സമാധാനഭടനെ ലോകം അംഗീകരിച്ചതിന്റെ തെളിവാണ്.

ഇസ്സെൽ ദിനിന്റെ ആകാശങ്ങളിൽ സമാധാനത്തിന്റെ പ്രാവുകൾ പറക്കുമോ എന്നത് ലോകത്തിന്റെ പ്രത്യാശയാണ്.

*ഇസ്സൽദീന്റെകൊല്ലപ്പെട്ടപെൺമക്കൾ*






**“If I could know that my daughters were the last sacrifice on the road to peace between Palastinians and Israelies, then I would accept their loss”**
*-Izzeldin*



**മൊഴിയാഴങ്ങൾ/ ഷൗക്കത്ത്**

# അവനവനെ അറിയാനുള്ള വഴി മറ്റുള്ളവരെയെയെല്ലാം അറിയലാണ്

അവനവനെ അറിയുക എന്നു നാം കേട്ടുപഠിച്ചിരിക്കുന്നു. അതിനായി ഇന്ദ്രിയങ്ങളെയെല്ലാം നിർബന്ധിതമായി പിൻവലിച്ച് ഉള്ളിലേക്കു നോക്കിയിരുന്നാൽ അവിടെ സംഘർഷങ്ങളുടെ വിസ്ഫോടനങ്ങളാകും സംഭവിക്കുക. ഇന്ദ്രിയങ്ങളെല്ലാം ബഹിർമുഖമായി രൂപപ്പെട്ടത് അസ്വാഭാവികമാകാനിടയില്ല. അവയെയെല്ലാം അയവോടെ അതതിന്റെ ധർമ്മങ്ങളിൽ സഞ്ചരിക്കാനനുവദിച്ചാൽ ഉള്ളിൽ കട്ടപിടിച്ചു കിടക്കുന്ന അഹന്തയുടെ ഭാരങ്ങളെല്ലാം അലിഞ്ഞുതുടങ്ങും. അവനവനെ അറിയണമെന്നു പറയുന്നത് എന്തുദ്ദേശിച്ചാണോ അത് അനുഭവിക്കാനാകും. കൺമുമ്പിലുള്ളതിനെ അംഗീകരിക്കുക, അപ്പോൾ മറഞ്ഞിരിക്കുന്നതെല്ലാം വെളിപ്പെട്ടുവരും എന്നാണല്ലോ ക്രിസ്തുവചനം.

## കഥാധ്യാനം

1.

ഒരു വീടിന് തീപിടിച്ചപ്പോൾ ആ വീടിന്റെ ഉടമസ്ഥൻ അത് നോക്കി നിലവിളിച്ചുകൊണ്ടിരുന്നു. ആ സമയത്ത് ആൾക്കൂട്ടത്തിനിടയിൽ നിന്ന് ആരോ വന്ന് അയാളോട് പറഞ്ഞു. "കരയാതിരിക്കൂ, അതിന്റെ ആവശ്യമില്ല. ഒരു പക്ഷേ നിങ്ങളറിഞ്ഞിരിക്കുകയില്ല. നിങ്ങളുടെ മകൻ ഇന്നലെ ഈ വീട് ആർക്കോ വിറ്റുകഴിഞ്ഞു." പെട്ടെന്ന് ആ മനുഷ്യൻ കരച്ചിൽ നിർത്തി. ആ വീട് അപ്പോഴും കത്തിയെരിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. തീജ്വാലകൾ എല്ലായിടത്തേക്കും ആളിപ്പടർന്നുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ ആ മനുഷ്യൻ കരച്ചിൽ നിർത്തിക്കഴിഞ്ഞിരുന്നു. ഇപ്പോൾ ആ വീട് അയാളുടേതല്ലാതായിക്കഴിഞ്ഞു. ആ മകൻ അപ്പോളവിടേക്ക് ഓടിവന്ന് ആ വീട് വിൽക്കുന്നതിനെക്കുറിച്ചുള്ള പ്രാഥമിക ചർച്ചകൾ തുടങ്ങിക്കഴിഞ്ഞിട്ടേയുള്ളൂവെന്നും യഥാർത്ഥത്തിലുള്ള വിൽപന ഇനിയും നടന്നുകഴിഞ്ഞിട്ടില്ലായെന്നും അയാൾ അച്ഛനെ അറിയിച്ചു. ഇതു കേട്ടതും ആ മനുഷ്യൻ വീണ്ടും പൊട്ടിക്കരയുവാൻ തുടങ്ങി.


2.

ഒരിക്കൽ ഒരാൾ ബുദ്ധനെ സമീപിച്ച് ചോദിച്ചു. "ലോകം ദുരിതത്തിലാണ്ടിരിക്കുന്നു. എങ്ങനെ അങ്ങേയ്ക്ക് മൗനിയായി, ആനന്ദനിർഭരനായി ഇരിക്കാൻ കഴിയുന്നു?" ബുദ്ധൻ പറഞ്ഞു. "ഒരാൾക്ക് പനി പിടിച്ചാൽ വൈദ്യനും അയാൾക്കടുത്ത് കിടന്ന് യാതന അനുഭവിക്കണോ? കാരുണ്യം നിമിത്തം വൈദ്യൻ തനിക്കും പനി പകർത്തണോ? രോഗിയുടെ പാർശ്വത്തിൽ ജ്വരബാധിതനായി കിടക്കണോ? അത് രോഗിയെ സഹായിക്കുമോ? വാസ്തവത്തിൽ ഒരു രോഗിക്ക് പകരം രണ്ട് രോഗികൾ ആവില്ലേ? ലോകത്തിന് ഇരട്ടി രോഗം ബാധിക്കും. രോഗിയെ സഹായിക്കുന്നതിന് വൈദ്യൻ രോഗിയാവേണ്ടതില്ല. അയാൾ ആരോഗ്യവാനായിരിക്കുകയാണ് വേണ്ടത്. എങ്കിൽ രോഗിയെ സഹായിക്കാൻ പറ്റും. വൈദ്യരുടെ ആരോഗ്യം എത്ര നന്നാവുന്നുവോ അത്രയും നന്ന്. എങ്കിൽ കൂടുതൽ സഹായം രോഗിക്ക് കിട്ടും.

### *കാത്തിരിക്കാൻ കഴിയുന്നത്...*

*നിങ്ങൾക്ക് കാത്തിരിക്കാൻ കഴിയുമെങ്കിൽ അതിനർത്ഥം നിങ്ങൾ എത്തിപ്പിടിക്കാനുള്ള മോഹത്തെ ഉപേക്ഷിച്ചു എന്നാണ്, നേടിയെടുക്കാനാശിക്കുന്ന മനസ്സിനെ ഉപേക്ഷിച്ചു എന്നാണ്,ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനെ നിങ്ങളപ്പോൾ ഉപേക്ഷിച്ചു കഴിഞ്ഞു. അപ്പോൾ മാത്രമേ നിങ്ങൾക്കു കാത്തിരിക്കാനാവൂ.*

–ഓഷോ



# ലോബികളുടെ സർക്കാർ

ടി.ജെ.എസ്. ജോർജ്



എൻഡോസൾഫാന്റെ പേരിൽ ഇന്ത്യ ഒറ്റപ്പെട്ടതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ബഹുരാഷ്ടലോബികളുടെ മുന്നിൽ തലകുനിക്കുന്ന നാണംകെട്ട ഒരു റെക്കോർഡ് ഇന്ത്യ ഇതിനകം സമ്പാദിച്ചുകഴിഞ്ഞിട്ടുണ്ട്. വിദേശങ്ങളിൽ നിരോധിച്ച പല മരുന്നുകളും കീടനാശിനികളും ഇന്ത്യയിൽ സുലഭമാണ്. അമേരിക്കയിൽ അനുവദനീയമല്ലാത്ത മരുന്ന് പരീക്ഷണങ്ങൾ വരെ ഇവിടെ രോഗികളിൽ നടത്തുന്നു. ജനിതക വ്യതിയാനം വരുത്തിയ ഉല്പന്നങ്ങളുടെ പായ്ക്കറ്റിൽ അത് പ്രത്യേകം രേഖപ്പെടുത്തണമെന്ന് വിദേശങ്ങളിൽ നിയമമുണ്ട്. എന്നാൽ ഇന്ത്യയിൽ വ്യവസായ ലോബികളുടെ നിർബന്ധത്തിന് വഴങ്ങി, അത്തരം വ്യവസ്ഥകൾ നിഷ്കർഷിക്കപ്പെട്ടിട്ടില്ല.

പൊതുജന നന്മയെ വിലമതിക്കുന്ന പല രാജ്യങ്ങളിലും ഇന്ത്യയിൽ നടക്കുന്ന പലതും നടക്കുന്നില്ല. സംശയത്തിന്റെ സൂചിമുന തിരിയുന്നത് അഴിമതിയുടെ സാധ്യതയ്ക്കുനേരെയാണ്. കീടനാശിനി ലോബികളുടെ ന്യായവാദങ്ങൾ നാം കേൾക്കുന്നത് സർക്കാരിന്റെ പ്രതിനിധികളുടെ വായിൽ നിന്നാണ്. കുത്തക കമ്പനികളുടെ ഭീമമായ ഗ്രാന്റുകൾ കൈപ്പറ്റുന്ന കാർഷിക വിദഗ്ധർ ബി.ടി വഴുതനയെക്കുറിച്ചും മറ്റും വാതോരാതെ ന്യായീകരിക്കുന്നതാണ് നാം കേട്ടുകൊണ്ടിരിക്കുന്നത്. 11 വർഷം കൊണ്ട് എൻഡോസൾഫാൻ പൂർണ്ണമായും നിരോധിക്കണമെന്ന ലോകാഭിപ്രായത്തിന് ഇന്ത്യ സമ്മതിച്ചിട്ടുണ്ട്. എന്നാൽ വ്യവസായ ലോബികളുടെ പിടിയിലമർന്ന ഇന്ത്യൻ അധികാരഘടനയിൽ ഇത് അമേരിക്കയിലെയും മറ്റും പോലെ സുതാര്യമായി നടക്കുമോ എന്നത് സംശയമാണ്. നമ്മുടെ ജലസ്രോതസ്സുകളിലും, മണ്ണിലും, ഭക്ഷ്യശൃംഖലയിലും വിഷാംശം പടരുന്നത് സംബന്ധിച്ച തീരുമാനങ്ങൾ ശരത് പവാറിനെപ്പോലെയുള്ളവരുടെ കൈകളിൽ ആണല്ലോ എന്നത് ഓർക്കുമ്പോൾ സംശയങ്ങൾക്ക് കാഠിന്യം ഏറുന്നു.



## പ്രതികരണം

# കത്തുകൾ

ഷിനോ ജേക്കബിന്റെ തണ്ണീർപന്തലുകൾ വായിച്ചപ്പോഴാണ് ഈയിടെ കണ്ട ഒരു കാഴ്ച മനസ്സിൽ തെളിഞ്ഞത്. ഷാർജയിലെ ഒരു കനൽ വഴിയോരത്ത് അറബി ഭവനം. ജയിലിനെ ഓർമ്മിപ്പിക്കുന്ന മതിൽ. എന്നാൽ പുറത്തൊരു മൂലയിൽ വാട്ടർ ടാപ്പ്. ഗ്ലാസ്സുമുണ്ട്. തണുത്ത വെള്ളം സുലഭം. പ്ലാസ്റ്റിക് കുപ്പികൾ ചാക്കിൽ ശേഖരിക്കുന്ന രണ്ടു പാക്കിസ്ഥാനികൾ ആർത്തിയോടെ വെള്ളം കുടിക്കുന്നു. വഴിയോര ടാപ്പുകൾ റദ്ദാക്കിയ കേരളത്തിൽ ഈ പുണ്യം ഇല്ല.

ർമേുകഴ്ഡ്യ ഴ്യൂഴ്ളുക-

ഗാന്ധിജിയുടെ ഹിന്ദ് സ്വരാജിൽ യന്ത്രങ്ങളെ നിശിതമായി വിമർശിക്കുന്നുണ്ട്. സൈക്കിൾപമ്പിനെ കുറിച്ചുള്ള ലേഖനവും മുൻലക്കങ്ങളിലായുള്ള സ്ഥിരം ലേഖനങ്ങളും ചേർത്തുവായിക്കുമ്പോൾ പഴയകാലത്തിന്റെ ചൊരുക്ക് വിടാത്ത പുരോഗമന വിരുദ്ധ നിലപാടുകളായി തോന്നി. യന്ത്രങ്ങളെ ഒഴിവാക്കിയ ഒരു പ്രാകൃത സമൂഹത്തിലേക്ക് മടങ്ങാനാണോ ആഹ്വാനം ചെയ്യുന്നത്?

**രാജശേഖരൻ, അയ്യന്തോൾ, തൃശ്ശൂർ**

ലിറ്റിൽ മാസിക മറ്റുള്ള സമാന്തരമാസികകളിൽ നിന്ന് ഉള്ളടക്കത്തിലും നിർമ്മാണത്തിലും വേറിട്ട് നിൽക്കുന്നു. അഭിനന്ദനങ്ങൾ.

**-ഇ.പി. രാജഗോപാലൻ, കണ്ണൂർ**

ലിറ്റിൽ മാസിക ലക്കം 126 വായിച്ചത് അൽപം വൈകിയാണ്, കാരണം ഞാൻ മലപ്പുറം കലക്ട്രേറ്റ് പടിക്കൽ എൻഡോസൾഫാനെതിരെ രണ്ട് ദിവസം നിരാഹാരത്തിലായിരുന്നു. ഇറോം ഷർമിളയും അന്നാ ഹസ്സാരയും കവർ നന്നായി. 'ചെറിയ ഗ്രൂപ്പുകൾ നിർണ്ണായകമാവുമ്പോൾ' എന്ന എഡിറ്റോറിയൽ ഞങ്ങൾക്ക് ആവേശം നൽകുന്നതായി. ബിനായക് സെന്നിന്റെ വാക്കുകളും ഉചിതമായി.

**എം.എ.റഹ്മാൻ, പുത്തൂർപള്ളിക്കൽ, മലപ്പുറം.**

അക്കുവിന്റെ ലളിത പാഠങ്ങൾ (ലക്കം 126) വീണ്ടും കണ്ണു നനയിച്ചു.


**-ഹരി ഗ്ലാൻസ്,മലപ്പുറം**

---

## ആവിയന്ത്രം വായിച്ചോ?



35 രൂപ ലിറ്റിൽ മാസികയുടെ വിലാസത്തിൽ അയക്കുക




**ലി**റ്റിൽ മാസിക 126-ാം ലക്കത്തോടെ 'ഡു ഇറ്റ് യുവർസെൽഫ്' മാസികയായിരിക്കുകയാണ്. ടൈപ്പ് സെറ്റിംഗും, ലേ ഔട്ട് രൂപകൽപ്പനയും തുടങ്ങി നിർമ്മാണത്തിന്റെ എല്ലാ പ്രീപ്രസ് ഘട്ടങ്ങളിലും പൂർണ്ണമായും ലിറ്റിൽ മാസിക പ്രവർത്തകർ സ്വയം ചെയ്താണ് കഴിഞ്ഞ ലക്കം പുറത്തിറക്കിയത്. ലോകത്ത് ഏറെ പ്രചാരം ലഭിച്ച ഒരു ആശയമാണ് 'എല്ലാം സ്വയം ചെയ്യുക' എന്നത്. സ്വാശ്രയത്വത്തിന്റെയും മിതത്വത്തിന്റെയും ജീവിതപാഠമാണ് 'ഡു ഇറ്റ് യുവർസെൽഫ്' Do it yourself (DIY) എന്ന ആശയം. ലിറ്റിൽ മാസികയെപ്പോലെ ചെറിയ പ്രസിദ്ധീകരണങ്ങൾക്ക് നിലനിൽക്കുന്നതിന് പരമാവധി സ്വാശ്രയത്വം ശീലിച്ചേ മതിയാകൂ. നമ്മുടെ കർഷകർ പലരും മിക്കവാറും കൃഷിപ്പണികൾ സ്വയം ചെയ്യുന്നവരാണ്. ചെറിയ തൊഴിൽശാലകളിൽ തൊഴിലുടമ തന്നെ ചില ജോലികൾ നിർവ്വഹിക്കുന്ന പതിവുണ്ടല്ലോ. ക്ലാർക്കും ടൈപ്പിസ്റ്റും മാനേജരും ആയി സ്വയം മാറുന്ന ഒറ്റയാൾ സ്ഥാപനങ്ങളുണ്ട്. ഫാർമസിസ്റ്റിന്റെയും റിസപ്ഷനിസ്റ്റിന്റെയും റോൾ ഒരേ സമയം നിർവ്വഹിക്കുന്ന ഡോക്ടറും ഡു ഇറ്റ് യുവർസെൽഫ് നയമാണ് പ്രാവർത്തികമാക്കുന്നത്. ചെറുമാസികാ പ്രവർത്തകർക്കും, സന്നദ്ധപ്രവർത്തകർക്കും, ജോലിക്കാരെയും തൊഴിലാളികളെയും കിട്ടാനില്ലാത്ത, അല്ലെങ്കിൽ പുലർത്താൻ കഴിവില്ലാത്ത തൊഴിലുടമയ്ക്കും കർഷകനും ഒക്കെ പല ജോലികളും ഒറ്റയ്ക്കു തന്നെ നിർവ്വഹിക്കേണ്ടിവരുന്നത് സ്വാഭാവികം മാത്രം. ചില കാര്യങ്ങളെങ്കിലും ഒറ്റയ്ക്ക് ചെയ്തുതീർക്കാൻ ശീലിക്കുക എന്നത് പുതിയ ആശയമല്ല.

പണ്ടുകാലത്തുതന്നെ നമ്മുടെ പൂർവ്വികർ എല്ലാകാര്യത്തിലും പരമാവധി സ്വാശ്രയത്വം നേടിയിരുന്നു. കന്നുപൂട്ടാനും, തെങ്ങുകയറാനും,നെല്ല് കൊയ്യാനും ഒക്കെ തൊഴിലാളികളുടെ കൂടെ ചേർന്ന് പണിചെയ്ത് തൊഴിൽ ലാഭകരമാക്കാൻ അവർ ശ്രദ്ധിച്ചിരുന്നു.

ഇന്നിപ്പോൾ തെങ്ങിൽ കയറാൻ, പാടത്ത് പണിയെടുക്കാൻ, വീട്ടുജോലിക്ക്, വാഹനം ഓടിക്കാൻ എന്നു

# ഡു ഇറ്റ് യുവർസെൽഫ് തത്വശാസ്ത്രം പ്രസക്തമാവുമ്പോൾ..

ബിജു ജോൺ

**സ്വാശ്രയത്വത്തിന്റെയും മിതത്വത്തിന്റെയും ജീവിതപാഠമാണ് 'ഡു ഇറ്റ് യുവർസെൽഫ്' Do it yourself (DIY) എന്ന ആശയം.**

**തെങ്ങിൽ കയറാൻ, പാടത്ത് പണിയെടുക്കാൻ, വീട്ടുജോലിക്ക്, വാഹനം ഓടിക്കാൻ എന്നുവേണ്ട ഒന്നിനും ജോലിക്കാരെ കിട്ടാനില്ല എന്ന് പരാതി പറയുന്നവർക്ക് പരീക്ഷിച്ച് നോക്കാവുന്നതാണ് ഡു ഇറ്റ് യുവർസെൽഫ് എന്ന ആശയം.**

വേണ്ട ഒന്നിനും ജോലിക്കാരെ കിട്ടാനില്ല എന്ന് പരാതി പറയുന്നവർക്ക് പരീക്ഷിച്ച് നോക്കാവുന്നതാണ് ഡു ഇറ്റ് യുവർസെൽഫ് എന്ന ആശയം.

ഡു ഇറ്റ് യുവർസെൽഫ് എന്നതിന് DIY എന്ന ചുരുക്കനാമത്തിൽ ലോകത്ത് പലയിടത്തും ഈ ആശയം പ്രചരിപ്പിക്കപ്പെടുന്നു. അമേരിക്കയിൽ നിന്നിറങ്ങുന്ന 'മേക്ക് മാഗസിൻ' DIY ആശയപ്രചാരണത്തിനായി നിലകൊള്ളുന്നു. വീടുനിർമ്മാണം, ഗാർഹിക ഉപകരണ നിർമ്മാണം, ഫർണിച്ചർ, കളിപ്പാട്ടം തുടങ്ങി പുസ്തക നിർമ്മാണം, പെയിന്റിംഗ്, വാഹനറിപ്പയറിംഗ് എന്നിങ്ങനെ സ്വന്തമായി പരിശീലനം സ്വായത്തമാക്കി പരസഹിയമില്ലാതെ വ്യക്തികൾക്ക് ചെയ്യാൻ പറ്റാത്തതായി ഒന്നുമില്ലെന്ന് DIY പ്രചാരകർ പറയുന്നു. നമ്മുടെ നാട്ടിൽ തന്നെ സ്വന്തമായി വീടു നിർമ്മിക്കുന്നവർ, പാർട്സുകൾ വാങ്ങി റേഡിയോ, ടി.വി, കമ്പ്യൂട്ടറുകൾ തുടങ്ങിയവ നിർമ്മിക്കുന്നവർ ധാരാളമുണ്ടല്ലോ. പ്രഥമ ശ്രുശ്രൂഷ, വിഷചികിത്സ, നാട്ടുചികിത്സ, ബദൽ/പ്രകൃതിചികിത്സ എന്നിങ്ങനെ സ്വന്തമായി അഭ്യസിച്ച് ചെയ്യാവുന്ന മേഖലകൾ ഏറെ.

വ്യക്തികളെ ശാക്തീകരിക്കുക, അവരെ സ്വന്തം കാലിൽ നിർത്താൻ പ്രാപ്തരാക്കുക. എന്നതിലപ്പുറം അമിതമായ കൺസ്യൂമറിസത്തേയും, വിപണി പ്രലോഭനങ്ങളെയും ചെറുക്കാൻ കൂടി ഡു ഇറ്റ് യുവർസെൽഫ് ശൈലി സഹായകരമാണ്. ആ നിലയ്ക്ക് ഇതൊരു സാമൂഹിക രാഷ്ട്രീയ ഇടപെടൽ കൂടിയാണ്. ലഭ്യമായ വിഭവങ്ങളുടെ പരമാവധി ഉപയോഗം, ചിലവ് കുറയ്ക്കൽ, ലാളിത്യം എന്നീ നല്ല വശങ്ങളും കാണാതിരുന്നുകൂടാ.

ഡു ഇറ്റ് യുവർസെൽഫ് പ്രചാരകയും എഴുത്തുകാരിയുമായ ഇലൻ ലുപ്റ്റർ പറയുന്നു. "ലോകത്ത് എല്ലായിടത്തും അവരവർക്കാവശ്യമുള്ളത് സ്വയം നിർമ്മിക്കുന്നവരുണ്ട്. തനിക്ക് വേണ്ടത് സ്വയം നിർമ്മിക്കുകയും അത് മറ്റുള്ളവരുമായി പങ്കുവെക്കുന്നതും എത്ര ആനന്ദകരമാണ്. ഇതുവഴി നിങ്ങളുടെ സാംസ്കാരികമായ അസ്തിത്വം തന്നെ സ്വയം നിർണ്ണയിക്കാനാവുന്നു."

പാശ്ചാത്യർ വളരെ മുമ്പ് തന്നെ ഈ ആശയം പ്രാവർത്തികമാക്കിയവരാണ്. ഓഫീസ് മേധാവികൾ പോലും ശിപായിയുടെയും തൂപ്പുകാരിയുടെയും ജോലി സ്വയം ചെയ്യുന്ന അനുഭവം ഇംഗ്ലണ്ടിലും യൂറോപ്പിലുമൊക്കെ സാധാരണമാണ് എന്ന് ലണ്ടനിൽ ജോലി ചെയ്യുന്ന മലയാളി ബിജിമോൻ ആലിംപള്ളി പറയുന്നു. അടുത്ത കാലത്ത് അമേരിക്കയിൽ സന്ദർശനം നടത്തിയ ഗായകൻ യേശുദാസ് കണ്ട ഒരു കാര്യം അദ്ദേഹം ഒരി

**വ്യക്തികളെ ശാക്തീകരിക്കുക, അവരെ സ്വന്തം കാലിൽ നിർത്താൻ പ്രാപ്തരാക്കുക. എന്നതിലപ്പുറം അമിതമായ കൺസ്യൂമറിസത്തേയും, വിപണി പ്രലോഭനങ്ങളെയും ചെറുക്കാൻ കൂടി ഡു ഇറ്റ് യുവർസെൽഫ് ശൈലി സഹായകരമാണ്.**

ടത്ത് എഴുതിയതായി ഓർക്കുന്നു. അവിടെ ഓഫീസ് സമയം കഴിഞ്ഞ് ഒരാൾക്ക് തനിയെ പ്രവർത്തിപ്പിക്കാവുന്ന ചെറിയ ഉഴുതൽ യന്ത്രവും മറ്റും ഉപയോഗിച്ച് നിലം ഉഴുത് കൃഷി ചെയ്യുന്നത് പതിവാണത്രെ!

ഇന്ത്യയിലെ തന്നെ മഹത്തായ ഒരു ഡു ഇറ്റ് യുവർസെൽഫ് അനുഭവം നോക്കുക. ഗാർഗണിനടുത്ത് താജ് നഗർ ഗ്രാമവാസികൾ 21 ലക്ഷം രൂപ പിരിച്ചെടുത്ത് സ്വന്തം റെയിൽവെ സ്റ്റേഷൻ നിർമ്മിച്ചാണ് സ്വന്തം കാര്യം സ്വന്തമായി നിർവ്വഹിച്ചത്.

പുതിയ സാമ്പത്തിക-തൊഴിൽ അന്തരീക്ഷത്തിൽ വീട്ടമ്മയും, ചെറുകിട വ്യവസായസംരംഭകനും, കർഷകനും, ഡോക്ടറും, വക്കീലും, സന്നദ്ധപ്രവർത്തകനും ഒക്കെ ഡു ഇറ്റ് യുവർസെൽഫ് എന്ന നിലനിൽപ്പിന്റെ മന്ത്രം സ്വായത്തമാക്കിയേ തീരൂ.

**ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങ www.doityourself.org എന്ന വെബ്സൈറ്റ് ക്കുക.**

# സേഫ്റ്റി പിൻ എന്ന ചെറിയ വലിയ കണ്ടുപിടിത്തം

*ലിമ ന്യൂസ്ഡസ്ക്*



**ആപേക്ഷിക സിദ്ധാന്തം, ഗുരുത്വാകർഷണം, ആവിയന്ത്രം, കമ്പ്യൂട്ടർ, ആറ്റംബോംബ്.. തുടങ്ങിയവ മാത്രമാണോ ലോകത്തെ മാറ്റിമറിച്ച കണ്ടുപിടിത്തങ്ങൾ? വാൾട്ടർ ഹണ്ട് (1796-1859) എന്ന അമേരിക്കക്കാരൻ കണ്ടുപിടിച്ച സേഫ്റ്റി പിന്നിനെക്കുറിച്ച് ആലോചിക്കൂ.. ഇതാണോ ഇത്ര വലിയ കണ്ടുപിടിത്തം എന്നാണല്ലേ ചിന്തിക്കുന്നത്? എന്നാൽ ലോകത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കിയ ഒന്നാണ് സേഫ്റ്റി പിൻ എന്ന നിത്യോപയോഗ സാമഗ്രി.....**

## വാൾട്ടർ ഹണ്ട്

ന്യൂയോർക്കിൽ 1796-ൽ ജനനം. കൽപ്പണിയിൽ പരിശീലനം. കൃഷിപ്പണിക്കാരനായി ഉപജീവനം നോക്കവെ മില്ലുകളിൽ ഉപയോഗിക്കാവുന്ന ചെറിയ ചെറിയ കണ്ടുപിടിത്തങ്ങൾ നടത്തി. 1826-ൽ ഒരു കണ്ടുപിടിത്തത്തിന് അമേരിക്കൻ പേറ്റന്റ് കിട്ടിയതിൽ പിന്നെ മുഴുവൻ സമയ മെക്കാനിക്കായി. പ്രധാന മറ്റു കണ്ടുപിടിത്തങ്ങൾ:- കത്തി മൂർച്ച കൂട്ടുന്ന യന്ത്രം, കൽക്കരി അടുപ്പ്, കൃത്രിമ കല്ല്, ചപ്പുചവറു നീക്കുന്ന ഉപകരണം... അങ്ങനെ ചെറിയ കുറെ കണ്ടുപിടിത്തങ്ങൾ. പ്രധാനപ്പെട്ട കണ്ടുപിടിത്തം തയ്യൽ മെഷീൻ ആണ്. ഒരു കഷ്ണം കമ്പിയിൽ ചില കൈക്രിയകൾ ചെയ്യുന്ന സന്ദർഭത്തിൽ ആണ് സേഫ്റ്റിപിന്നിന്റെ സൃഷ്ടിയിലേക്കെത്തിയത്.15 ഡോളർ വരുന്ന കടം വീട്ടാൻ സേഫ്റ്റി പിൻ കണ്ടുപിടിത്തത്തിന് കിട്ടിയ പേറ്റന്റ് കടക്കാരന് വിൽക്കുകയായിരുന്നു.

നിത്യവും ഉപയോഗിക്കുന്ന ഏറ്റവും ലളിതമായ യന്ത്രമാണിത്. വസ്ത്രധാരണത്തിൽ സേഫ്റ്റി പിൻ വഹിക്കുന്ന പങ്ക് എത്ര വലുതാണ്. കുടുക്കുകൾ നഷ്ടപ്പെട്ടാൽ പകരക്കാരനാവും. വസ്ത്രത്തിന്റെ വൈകല്യം മറയ്ക്കും. അയഞ്ഞ വസ്ത്രത്തെ പിടിച്ചൊതുക്കാം. വസ്ത്രത്തിൽ മുറിവ് പറ്റാതെ ബാഡ്ജും മറ്റും ധരിച്ച് ലോകത്തെമ്പാടുമുള്ള പ്രക്ഷോഭങ്ങൾ, സമരങ്ങൾ, ജനകീയ മുന്നേറ്റങ്ങൾ മാത്രം ഓർത്താൽ മതി സേഫ്റ്റി പിന്നിന്റെ പ്രാധാന്യം ബോധ്യപ്പെടാൻ. ഇതു വായിക്കുമ്പോഴും ഈജിപ്തിലും, ലിബിയയിലും മറ്റ് ആഫ്രിക്കൻ-അറബ രാജ്യങ്ങളിലെയും ജനാധിപത്യ വാദികൾ സേഫ്റ്റി പിൻ ഉപയോഗിച്ച് ബാഡ്ജ് ധരിച്ച് തെരുവിൽ പ്രക്ഷോഭങ്ങൾ,നടത്തുന്നുണ്ടാവാം

## ലാളിത്യത്തിനും, വിഭവ സൂക്ഷ്മതയ്ക്കും സേഫ്റ്റി മാർഗ്ഗം

...തുണിക്ക് മറുതുണിയില്ലാത്ത കാലത്ത് രക്ഷയ്ക്കെത്തുന്നത് ...നം കൂട്ടിപ്പിടിച്ച് മാനം രക്ഷിക്കുന്ന സേഫ്റ്റി പിന്നാണെന്ന് ... അറിഞ്ഞവർക്കറിയാം. കൂട്ടുകാരുമായി അടിപിടി കൂടി ...ിന്റെയും ഉടുപ്പിന്റെയും ബട്ടൻസ് പോയിക്കഴിഞ്ഞാൽ ...നം വീട്ടിൽ അറിയാതെ സേഫ്റ്റി പിൻ കൊണ്ട് കാര്യം



**ഉടുതുണിക്ക് മറുതുണിയില്ലാത്ത കാലത്ത് രക്ഷയ്ക്കെത്തുന്നത് വസ്ത്രം കൂട്ടിപ്പിടിച്ച് മാനം രക്ഷിക്കുന്നസേഫ്റ്റി പിന്നാണെന്ന് ദാരിദ്ര്യം അറിഞ്ഞവർക്കറിയാം.**

സെയ്ഫാക്കുന്ന കാലം ഇതെഴുതുന്നയാളിനുമുണ്ട്. ഉള്ള വസ്ത്രം വൃത്തിയായി പരമാവധി ഉപയോഗിക്കുവാൻ സേഫ്റ്റി പിൻ കൂടിയേ തീരൂ. തുന്നൽ വിട്ടുപോയാൽ, ശരീരത്തിന് പാകമാക്കാൻ, ഒക്കെ സേഫ്റ്റി പിൻ സഹായിയാണ.

## സ്ത്രീകളുടെ രക്ഷകൻ


സാരിധാരിണികളായ നമ്മുടെ സ്ത്രീജനങ്ങൾക്ക് സേഫ്റ്റി പിൻ ഇല്ലാതെ പുറത്തിറങ്ങാൻ പറ്റുമോ? ഊർന്നിറങ്ങാതെ സാരിയെ ബ്ലൗസിൽ കുടുക്കിയിടുന്ന ഈ പിൻ ഇല്ലാത്ത അവസ്ഥ ആലോചിക്കാനേ പറ്റില്ല. പൊതുസ്ഥലത്ത് നമ്മുടെ സ്ത്രീകൾക്ക് സ്വാതന്ത്ര്യവും, ആത്മാഭിമാനവും, ആത്മവിശ്വാസവും പ്രധാനം ചെയ്യുന്ന കാര്യം വിസ്മരിക്കാൻ പറ്റുമോ? പൊതുവാഹനത്തിലായാലും പൊതുസ്ഥലത്തായാലും ആവശ്യമില്ലെങ്കിലും ഒന്ന്, രണ്ട് സേഫ്റ്റി പിന്നുകൾ (വേണമെങ്കിൽ വലിയ ബലമുള്ളതും സംഘടിപ്പിക്കാം) വസ്ത്രത്തിൽ പിൻ ചെയ്ത് മുൻകരുതൽ എടുക്കാൻ നമ്മുടെ പെൺകുട്ടികളെ പഠിപ്പിക്കേണ്ടി വരുന്ന കാലമാണിത്. ചിലപ്പോൾ ആത്മരക്ഷയ്ക്കുള്ള ശക്തമായ ആയുധമായും സേഫ്റ്റി പിൻ മാറുമ്പോൾ സേഫ്റ്റി എന്ന വാക്ക് തന്നെ അർത്ഥപൂർണ്ണമാകുന്നു. സേഫ്റ്റി പിൻ ഇടപെടുന്ന ചെറുതും വലുതുമായ ജീവിത സന്ദർഭങ്ങൾ ഇനിയും എത്രയോ ആണ്.

# ടാഗോറിന്റെ കുട്ടി

റിസ്‌വാൻ

നിറയെ
തേനുള്ള
തേനീച്ചകളുള്ള
നെല്ലും പൂവും
താറാക്കുട്ടികളുമുള്ള
നെറയെ വേരുള്ള
കൃഷിക്കാരൻ/രി.

വല്താ‍യാൽ
വല്യകുട്ട്യായാൽ
നിക്കൊരു
യാത്രക്കാരനാകണം/രിയാകണം.



കാറ്റിനോളം കനംകുറഞ്ഞ്
ചാറ്റൽമഴയോട്
ചരിഞ്ഞ്
അപ്പൂപ്പൻതാടികണക്കെ
കൂടെ കരുതാൻ വിത്തുപോലുമില്ലാത്ത.

വല്താ‍യാൽ
വല്യകുട്ട്യായാൽ
നിക്കൊരു
സമരക്കാരനാകണം/രിയാകണം.

ഇലയിളക്കങ്ങളിൽ
നിഴല് കോർത്ത്
ചുകന്ന് ചുകന്നങ്ങനെ.

"വല്താ‍യാൽ
വല്യകുട്ട്യായാൽ"

പുറത്തേക്ക് മാത്രം കുറ്റിയുള്ള
വാതിൽ.
അത്തരമൊരു വീട്ടിൽ
ഒരു കുട്ടിയിരിപ്പുണ്ട്.
ഇങ്ങനെ അറ്റമില്ലാതെ പറഞ്ഞുകൊണ്ട്
എല്ലാരിലും.

നിറയെ വാതിലുകളുള്ള
ജനാലകളുള്ള
മേൽക്കൂരയോ
ഭിത്തിയോ ഇല്ലാത്ത
വീടിനെകുറിച്ചുള്ള
സ്വപ്നം കാണുന്ന കുട്ടി.
'ടാഗോറിന്റെ
കുട്ടി എന്ന്
പറയും'

ഏതു വിലാസമാണ്
അവന്.
ഒരു പോസ്റ്റുമാനും
അവനെ തേടിവരുന്നില്ലല്ലോ.
പുറത്തേക്ക്
സാക്ഷയിട്ട
വീട്ടിലേക്ക്.

ജീവശാസ്ത്രം

## സാമ്രാജ്യം കെട്ടിപ്പടുക്കാൻ സാധിച്ചത് ബ്രിട്ടീഷ് രാജ്ഞിമാർക്ക് പൂച്ചയോടുള്ള സ്നേഹം കൊണ്ടെന്ന് ജീവശാസ്ത്രജ്ഞനായ ആൽഡസ് ഹക്സി



## ഒരു പൂച്ചക്കഥ

ബ്രിട്ടീഷുകാർക്ക് സൂര്യനസ്തമിക്കാത്ത ഒരു സാമ്രാജ്യം കെട്ടിപ്പടുക്കാൻ സാധിച്ചത് ബ്രിട്ടീഷ് രാജ്ഞിമാർക്ക് പൂച്ചയോടുള്ള സ്നേഹം കൊണ്ടാണെന്നാണ് പ്രസിദ്ധ ജീവശാസ്ത്രജ്ഞനായ ആൽഡസ് ഹക്സിയുടെ കണ്ടെത്തൽ. എന്താണ് ഈ പൂച്ചക്കഥയുടെ പൊരുൾ?

ബ്രിട്ടീഷുകാരുടെ പഥ്യാഹാരമാണ് മാട്ടിറച്ചി. ആടുമാടുകളുടെ പ്രധാന ആഹാരമായ വൈറ്റ് ക്ലോവർ ചെടിയിൽ പരാഗണം നടത്തുന്നത് ബംബിൾ ബീയാണ്. എലികൾ ബംബിൾ ബീയുടെ കൂടുകളെ ആക്രമിച്ച് തിന്നുതീർക്കുന്നതിനാൽ ബംബിൾ ബീ കൊട്ടാരക്കെട്ടുകളിലാണ് കൂടുകൾ പണിതത്. രാജകുമാരികൾ ധാരാളം പൂച്ചകളെ വളർത്തുന്നതിനാൽ കൊട്ടാരങ്ങളിൽ ബംബിൾ ബീകൾക്ക് എലികളെ പേടിക്കേണ്ടല്ലോ. അതിനാൽ ബംബിൾ ബീ ധാരാളമായി വർദ്ധിച്ച് വൈറ്റ് ക്ലോവറിൽ പരാഗണം നടത്തി ഉല്പാദനം വർദ്ധിപ്പിച്ചു. അവ തീറ്റയാക്കിയ ആടുമാടുകൾ കൊഴുത്തുവളർന്നു. ആടുമാടുകളെ തിന്ന ബ്രിട്ടീഷുകാർക്ക് കടലുകളിൽ തുഴയാനും കപ്പലോടിക്കാനുമുള്ള ഊർജ്ജം ലഭിച്ചു.

പൂച്ചയും എലിയും ബംബിൾ ബീയും വൈറ്റ് ക്ലോവറും ഉൾപ്പെട്ട മനുഷ്യനിലേക്ക് നീളുന്ന ഊർജ്ജ കൈമാറ്റത്തിന്റെ അഥവാ ഭക്ഷ്യശൃംഖലയുടെ നല്ലൊരു ചിത്രമാണ് ആൽഡസ് ഹക്സിലി കാണിച്ചുതരുന്നത്.


---

കരീം മലപ്പട്ടം

# കൊടികൾ

പൊക്കിൾകൊടി മുറിച്ച് എന്നെ,
ഇറക്കിവിട്ടത്
എത്ര കൊടികൾക്ക് കീഴെയാണ്?
ഏതാണ് എന്റേത് എന്ന്
തിരിച്ചറിയുന്നതിനു മുമ്പ്
എന്റെ പേരിൽ നിങ്ങൾ
കരിങ്കൊടിയും കുത്തി.




**കളിയല്ല കോമിക്**

# സൂപ്പർമാനും അമേരിക്കക്കെതിരെ

**"ഞാൻ അമേരിക്കൻ പൗരത്വം ഉപേക്ഷിക്കുന്നതായി യു.എൻ അധികൃതരെ അറിയിക്കാൻ പോവുകയാണ്. എന്റെ എല്ലാ നീക്കങ്ങളും അമേരിക്കൻ നയങ്ങളുടെ ഉപകരണങ്ങളായി വ്യാഖ്യാനിക്കപ്പെടുന്നതിൽ വല്ലാതെ വിഷമമുണ്ട്."**

*- കോമിക് കഥാപാത്രം സൂപ്പർമാൻ*

പ്രമുഖ അമേരിക്കൻ നിർമ്മിത കോമിക് കഥാപാത്രം *സൂപ്പർമാൻ* ഏറ്റവും പുതിയ കോമിക് പരമ്പരയിൽ ഇങ്ങനെ പറയുന്നു. ഒരു കോമിക് കഥാപാത്രം ആദ്യമായല്ല അമേരിക്കക്ക് എതിരാവുന്നത്. പ്രമുഖ കോമിക് കമ്പനിയായ മാർവ്വലിന്റെ 'ക്യാപ്റ്റൻ അമേരിക്ക എന്ന കഥാപാത്രം 1970ലും അമേരിക്കയെ വിമർശിച്ചിട്ടുണ്ട്.

ഏതായാലും കേവലം നേരംകൊല്ലികളായി മാത്രം കോമിക്കുകളെ കാണാൻ കഴിയില്ല. ശക്തമായ രാഷ്ട്രീയ നിലപാടുകളും കോമിക് കഥകളിൽ കടന്നുവരുന്നു എന്നത് കൗതുകകരമാണ്. വെറും കളിയല്ല കോമിക്. കോമിക്കുകൾ രാഷ്ട്രീയം പറഞ്ഞുതുടങ്ങിയിരിക്കുന്നു.

'സത്യം, നീതി, അമേരിക്കൻ മാർഗ്ഗം' എന്ന ആശയത്തിൽ പ്രവർത്തിക്കുന്ന സൂപ്പർമാൻ തന്റെ പുതിയ പരമ്പരയിൽ ഇറാനിലെ ജനാധിപത്യ സമരത്തിൽ ഇടപെടുന്ന കഥയാണ് പറയുന്നത്. ഇറാനിലെ കലാപകാരികളെ സഹായിക്കുന്നതുവഴി സൂപ്പർമാൻ പരമ്പര കാലിക രാഷ്ട്രീയ സംഭവങ്ങളുടെ കണ്ണാടി കൂടിയാവുകയാണ്. സമകാലിക ലോകരാഷ്ട്രീയത്തിൽ സത്യസന്ധമായി ഇടപെടുമ്പോൾ അമേരിക്കൻ വിമർശകനാവാതെ തരമില്ലല്ലോ എന്നാവും കോമിക് സൃഷ്ടാക്കൾ കരുതിയത്.

# സൈക്കിളിംഗ് ബാത്തിന്റെ ആനന്ദം

**ബിജു ജോൺ**

കായംകുളത്തെ വിജയകുറുപ്പ് വികസിപ്പിച്ച സൈക്കിൾ പമ്പ് (ലിമാ ലക്കം 126)വീട്ടിൽ പരീക്ഷിച്ച് നോക്കിയതിന്റെ അനുഭവം രസകരമാണ്. ആക്രിക്കടയിൽ നിന്നും 130 രൂപ കൊടുത്ത് പഴയ കേടുവന്ന പമ്പ് സെറ്റ് സംഘടിപ്പിച്ചും പഴയ ഹോസ് പൈപ്പും പ്ലംബിംഗ് സാധനങ്ങളും സംഘടിപ്പിച്ചും അയൽവാസിയായ പ്ലംബറുടെ സഹായത്തോടെ പമ്പ് സെറ്റ് കിണറ്റിനടുത്ത് സെറ്റ് ചെയ്തു. അയൽവാസികൾക്ക് ചെറിയ പരിഹാസവും കൗതുകവും. പമ്പ് സെറ്റ് പ്രവർത്തിക്കാൻ വീട്ടിലുള്ള സ്പോർട്സ് മോഡൽ സൈക്കിൾ പറ്റാത്തതിനാൽ (സെൻട്രൽ സ്റ്റാന്റിൽ നിർത്താവുന്ന സൈക്കിളാണ് വേണ്ടത്) സാധാരണ വലിയ സൈക്കിൾ തിരഞ്ഞ് വീടുക[illegible]യറിയിറങ്ങി. "സൈക്കിളോ, അതെന്തിനാണ്?" ആളുകളുടെ വക ചോദ്യം. ഒടുവിൽ ഒരു വീട്ടിൽ ഇറച്ചി വിലയ്ക്ക് വിൽക്കാൻ പാകത്തിന് പുറമ്പോക്കിൽ തള്ളിയിട്ടിരുന്ന പഴയ സൈക്കിൾ സംഘടിപ്പിച്ചു. പഴയ സൈക്കിൾ ഓട്ടോറിക്ഷാ ഗുഡ്സിൽ കയറ്റിക്കൊണ്ടുപോവുമ്പോഴും "ആക്രി ബിസിനസ്സ് തുടങ്ങിയോ" എന്ന കമന്റും കേട്ടു. സൈക്കിൾ തിരഞ്ഞ് ഇറങ്ങിയപ്പോഴാണ് നമ്മുടെ നാട്ടിൽ സൈക്കിൾ ഉപയോഗം കുറയുന്നുവെന്ന സത്യം ബോദ്ധ്യപ്പെട്ടത്.

അപൂർവ്വമായി മാത്രമേ നമ്മുടെ നിരത്തുകളിലും ഗ്രാമവഴികളിൽ പോലും സൈക്കിൾ കാണാൻ കിട്ടൂ. നാം മലയാളികൾ ഇതിന് അയൽവാസികളായ തമിഴനെയും കർണ്ണാടകക്കാരനെയും കണ്ടുപഠിക്കണം. ഇപ്പോഴും ബാംഗ്ലൂർ, ചെന്നൈ നഗരങ്ങളിൽ പോലും സൈക്കിൾ ധാരാളമായി ഉപയോഗിക്കപ്പെടുന്നു.

സൈക്കിൾ പമ്പ് സെറ്റിനോട് ചേർത്ത് നിർത്തി കയറിയിരുന്ന് ചവിട്ടി. അതാ! നല്ല കരുത്തോടെ ശക്തിയായ ജലപ്ര

.....ശേഷം പേജ് 9 ൽ

പോസിറ്റീവ്
പെണ്ണനുഭവം

# ബസ്സിനകത്തെ ആൺതുണ

സുജ ബിജു മാത്യു

**പീഢനത്തിന്റെ നെഗറ്റീവ് അനുഭവങ്ങൾക്ക് പകരം നല്ല കഥകൾ കൂടി എഴുതാൻ സഹോദരിമാർ തയ്യാറാവുക. സ്ത്രീപക്ഷത്ത് പുരുഷവർഗ്ഗത്തെ പിടിച്ചു നിൽത്താൻ ചിലപ്പോൾ ഈ പോസിറ്റീവ് അനുഭവങ്ങൾ കാരണമായെങ്കിലോ.**

സ്ത്രീപീഢനങ്ങളുടെ കഥകൾ ധാരാളമായി കേൾക്കുന്നു. സമൂഹത്തിന്റെ പോക്കിനെക്കുറിച്ച് ആശങ്കയുളവാക്കുന്നതാണ് ഈ സംഭവങ്ങളൊക്കെ. എന്നാൽ എല്ലായ്പ്പോഴും പീഢനം മാത്രമാണോ സ്ത്രീകൾ പുരുഷൻമാരിൽ നിന്ന് നേരിടുന്നത്? അല്ലേയല്ല എന്നു തന്നെയാണ് എന്റെ അനുഭവം. പെണ്ണനുഭവങ്ങളുടെ തുറന്നുപറച്ചിലുകൾ കൊണ്ട് മാധ്യമങ്ങൾ നിറയുന്ന കാലത്ത് സ്ത്രീകളെ ആദരിക്കുന്ന, ബഹുമാനിക്കുന്ന, അംഗീകരിക്കുന്ന കുറഞ്ഞപക്ഷം പീഢിപ്പിക്കാതെയെങ്കിലും ഇരിക്കുന്നതിന് ചില പോസിറ്റീവ് അനുഭവങ്ങൾ കൂടുതൽ പ്രചോദനം നൽകും. പീഢനത്തിന്റെ നെഗറ്റീവ് അനുഭവങ്ങൾക്ക് പകരം നല്ല കഥകൾ കൂടി എഴുതാൻ സഹോദരിമാർ തയ്യാറാവുക. സ്ത്രീപക്ഷത്ത് പുരുഷവർഗ്ഗത്തെ പിടിച്ചുനിൽത്താൻ ചിലപ്പോൾ ഈ പോസിറ്റീവ് അനുഭവങ്ങൾ കാരണമായെങ്കിലോ.

ചില വർഷങ്ങൾക്കുമുമ്പ് എനിക്കുണ്ടായ അനുഭവം പറയാം. ഞാനന്ന് കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ എം.എയ്ക്ക് പഠിക്കുകയാണ്. വഴിക്കടവ് നിന്നും കോഴിക്കോട്ടേക്ക് പോവുന്ന ബസ്സാണ്. കോഴിക്കോടിന് അടുത്ത് എത്തിയപ്പോൾ എനിക്ക് കലശലായ ഛർദ്ദിക്കാനുള്ള പ്രവണത വന്നു. ജനാല തുറക്കാൻ പറ്റാതെ വന്നപ്പോൾ മെല്ലെ എഴുന്നേറ്റു വാതിലിനടുത്തേക്ക് നടക്കാൻ തുടങ്ങി. ഛർദ്ദിക്കാനുള്ള പ്രവണത കൂടിക്കൂടി വന്നു. പെട്ടെന്നാണ് ഫാഷൻ വസ്ത്രധാരിണിയായ ഒരു യുവാവ് കയ്യിൽ ഒരു പ്ലാസ്റ്റിക് ബാഗുമായി, നിൽക്കുകയായിരുന്ന എന്റെ അടുത്ത് വന്ന് ഛർദ്ദിക്കാൻ പാകത്തിന് ബാഗ് എന്റെ മുഖത്തിന് ചേർത്തു പിടിച്ചുതന്നു. യുവാവ് ബാഗ് തുറന്നുപിടിച്ചു. ഞാൻ ഗത്യന്തരമില്ലാതെ ബാഗിൽ ഛർദ്ദിച്ചു. ഛർദ്ദി മുഴുവൻ തീരുന്നതുവരെ യാതൊരു സങ്കോചമോ അറപ്പോ കൂടാതെ തുറന്നുപിടിച്ച ബാഗുമായി പുഞ്ചിരിച്ചുകൊണ്ട് യുവാവ്. എല്ലാം കഴിഞ്ഞ് ബാഗ് എടുത്ത് പുറത്തുകളഞ്ഞ അപരിചിതനായ ആ യുവാവ് എന്റെ നന്ദിവാക്കുപോലും കേൾക്കാൻ നിൽക്കാതെ അടുത്ത സ്റ്റോപ്പിൽ ഇറങ്ങി. ആ ബസ്സിൽ എന്റെ അടുത്ത് നിറയെ സ്ത്രീയാത്രക്കാർ തിങ്ങിനിന്ന് യാത്ര ചെയ്യുമ്പോഴാണിത് സംഭവിച്ചതെന്നോർക്കണം. സ്ത്രീകൾക്ക് ബസ്സിലും പൊതുസ്ഥലത്തും നേരിടേണ്ടി വരുന്ന പീഢനകഥകൾ കേൾക്കുമ്പോൾ ഞാൻ ഇന്നും ആ പഴയ യുവാവിനെ ഓർക്കും.

നോക്കൂ, ഇത്തരം നല്ല അനുഭവങ്ങൾ കൂടി പങ്കുവെച്ചാൽ ഉണ്ടാവുന്ന സത്ഫലങ്ങൾ കൂടി നമ്മുടെ പെണ്ണനുഭവക്കാർ ഓർക്കണം.

കവിത

## അഴിച്ചുകെട്ടെടാ പയ്യിനെ

എം.ആർ.വിഷ്ണുപ്രസാദ്

ഇതത്ര എളുപ്പമല്ല
ഒന്നിനും മൂക്ക് കയറില്ലന്നേ.
പുല്ലു തിന്ന് തിന്ന്
മഴമേഘങ്ങളായ്
മാറിയവരാണ് മേയുന്നത്.

പറഞ്ഞാൽ പിടികിട്ടണ്ടേ.
കുന്നിൻപുറവും പശുക്കളും
സ്വപ്നത്തിന്റെ ഭാഗമാണ്.
കയറിന്റെ ഇങ്ങേയറ്റവുമായ്
ഞാൻ നിൽക്കുന്നതോ
ഉറക്കത്തിനു വെളിയിലും.

എന്നിട്ടും നീ
അഴിച്ചു കെട്ടെടാ പയ്യിനെ
അഴിച്ചു കെട്ടെടാ പയ്യിനെ എന്ന്
കയറു പൊട്ടിക്കുന്നതെന്തിനാ?
വേഗം പറ വേഗം



## സൈക്കിളിംഗ് ബാത്തിന്റെ ആനന്ദം

വാഹം! കണ്ടുനിന്ന അയൽക്കാരായ സ്ത്രീകൾ പറഞ്ഞു. "ഇത് എന്തൊരു ബുദ്ധിമുട്ടാണ്. ചവിട്ടിയാലല്ലേ വെള്ളം കയറൂ. അതിന് ഇത്ര ബുദ്ധിമുട്ടണോ." ഇന്ധനലാഭത്തെക്കുറിച്ചും, വ്യായാമത്തിന്റെ സാദ്ധ്യതയെക്കുറിച്ചും അവരോട് ഒരു ലഘുപ്രഭാഷണം തന്നെ നടത്തേണ്ടിവന്നു.

ഇപ്പോൾ പലരും ഇടയ്ക്കിടെ സൈക്കിൾ പമ്പ് കാണാൻ വരുന്നുണ്ട്. രാവിലെയും വൈകിട്ടും പരമാവധി വീട്ടാവശ്യത്തിന് വെള്ളം പമ്പ് ചെയ്ത് ശേഖരിച്ചുവെയ്ക്കുന്നു. പച്ചക്കറികൾ നനയ്ക്കുന്നു. വാഹനം കഴുകുന്നു.

ആറും മൂന്നും വയസ്സുള്ള കുട്ടികളെ മനസ് കുളിർക്കെ കുളിപ്പിക്കുന്നു (അമ്യൂസ്മെന്റ് പാർക്കിന്റെ പ്രതീതിയാണ് സൈക്കിൾ ചവിട്ടി വെള്ളം ചീറ്റിക്കുമ്പോൾ കുട്ടികൾക്ക്). എല്ലാറ്റിനും ഉപരി ഈ ലേഖകൻ തന്നെ സൈക്കിളിൽ ഇരുന്ന് ചവിട്ടി ഒരു കയ്യിൽ പൈപ്പ് പിടിച്ച് സ്വയം കുളിക്കുന്ന അത്യന്തം ത്രില്ലടിപ്പിക്കുന്ന അനുഭവവുമുണ്ട്. സ്വന്തം കാലുകൊണ്ട് പ്രവർത്തിപ്പിക്കുമ്പോൾ അതേ സമയം പമ്പിലൂടെ വരുന്ന വെള്ളം കൊണ്ട് ഒരു കുളി! അത് ഒന്ന് അനുഭവിക്കേണ്ടതുതന്നെ!

ലിറ്റിൽ മാസികയിലെ ലേഖനം കണ്ട് പലരും പമ്പിനെക്കുറിച്ച് അന്വേഷിക്കാറുണ്ട്. അവർക്കുകൂടി ത്രില്ലിംഗ് ആവട്ടെ എന്ന് വിചാരിച്ചാണ് ഈ കുറിപ്പ്.

അനുഭവിക്കൂ, സൈക്കിളിംഗ് ബാത്തിന്റെ ആനന്ദം!!

**ജൈവ ഇന്ധന പ്രചാരണം ഒരു മിഷൻ ആയി ഏറ്റെടുത്തിരിക്കുന്ന ഒരുടൈലറുടെ കഥ.**

മലപ്പുറം ജില്ലയിലെ വണ്ടൂരിൽ വാടകവീട്ടിൽ താമസിച്ച് തയ്യൽ ജോലിചെയ്ത് നിത്യവൃത്തി കഴിക്കുന്ന സുകുമാരൻ, തൊഴിലിന്റെയും ജീവിതത്തിന്റെയും തിരക്കുകൾക്കിടയിലും വ്യത്യസ്തമായ കാര്യങ്ങൾ ചെയ്തു മാതൃകയാവുകയാണ്.

സുകുമാരന് കൃഷി വളരെ ഇഷ്ടമായിരുന്നു. ലഭ്യമായ പ്രസിദ്ധീകരണങ്ങളിൽ നിന്നൊക്കെ വിവിധ കൃഷിരീതികളെക്കുറിച്ച് മനസ്സിലാക്കി. കൃഷിയിൽ ചില പരീക്ഷണങ്ങളൊക്കെ നടത്തി. അപ്രതീക്ഷിതമായിട്ടാണ് ബയോഗ്യസിന്റെ പ്രാധാന്യത്തെക്കുറിച്ച് അറിയാനിടയായത്. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്നും വിരമിച്ച പ്രൊഫസർ എം.വി. ജേക്കബ് വിജയകരമായി നിർമ്മിച്ച് പ്രയോഗത്തിൽ വരുത്തിയ ബയോഗ്യാസ് പ്ലാന്റ് വ്യാവസായികാവശ്യങ്ങൾക്ക് വരെ ഉപയോഗിക്കുന്നു എന്ന് വായിക്കാനിടയായത് സുകുമാരനിൽ പ്രചോദനമായി. മാലിന്യം വലിയ ഒരു പ്രശ്നമാണ്. കുന്നുകൂടുന്ന മാലിന്യം വീടുകളിൽ പോലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ മാലിന്യങ്ങളെ സംസ്കരിക്കുന്നതിനും അതുവഴി അതൊരു ഇന്ധനമാക്കി മാറ്റാനും കഴിയുമെങ്കിൽ അത് സമൂഹത്തിന് വലിയ ഒരു നേട്ടമായിരിക്കും! ഈ ചിന്തയാണ് സുകുമാരനെ ജൈവ ഇന്ധന നിർമ്മാണപ്ലാന്റിനെ കുറിച്ച് കൂടുതൽ ചിന്തിക്കാൻ പ്രേരിപ്പിച്ചത്. ഇതൊരു സാമൂഹിക ആവശ്യമായി കണ്ട് തനിക്ക് എന്ത് ചെയ്യാം എന്നാണ് സുകുമാരൻ ചിന്തിച്ചുതുടങ്ങിയത്.



സ്വന്തം നിലയ്ക്ക് കണ്ടും കേട്ടും ചോദിച്ചറിഞ്ഞും നിർമ്മാണരീതി സ്വായത്തമാക്കിയ സുകുമാരൻ സ്വന്തമായി ഒരു ജൈവ ഇന്ധന പ്ലാന്റ് നിർമ്മിക്കുക തന്നെ ചെയ്തു. സ്വന്തം വീട്ടിൽ സ്ഥാപിച്ച പ്ലാന്റിലൂടെ വീട്ടിലെ ജൈവമാലിന്യം സംസ്കരിക്കുന്നതിനും, അതുവഴി പാചക ഇന്ധനവും, ഉപ ഉല്പന്നമായി ജൈവവളവും ലഭിക്കുന്നുമുണ്ട്. ഉപജീവനമാർഗമായ തയ്യൽ ജോലിക്കിടയിലും ജൈവ ഇന്ധന പ്ലാന്റ് നിർമ്മാണത്തിന്റെ പ്രചാ

ശേഷം 11 ൽ

**നൗഷാദ് ചാത്തല്ലൂർ**

# ഒരു ടൈലറുടെ ജൈവ വഴികൾ



# സാധാരണക്കാരന്റെ ആർ.കെ

**റേഡിയോ എന്ന മാധ്യമത്തിന്റെ ഒരിക്കലും നഷ്ടമാവാത്ത പ്രസക്തിയും സാധ്യതയും ദൃശ്യമാധ്യമങ്ങളുടെ കെട്ടുകാഴ്ചകൾക്കിടയിലും ബോദ്ധ്യപ്പെടുത്തിത്തരാൻ കനകാംബരന് കഴിഞ്ഞു**

മലബാറിലെ ആകാശവാണി ശ്രോതാക്കൾക്കിടയിൽ ആർ.കെ എന്ന ചുരുക്കപ്പേരിൽ സ്വന്തം വീട്ടുകാരനെപ്പോലെ പ്രിയങ്കരനായ ആർ.കനകാംബരൻ കോഴിക്കോട് ആകാശവാണി നിലയത്തിൽ നിന്നും പടിയിറങ്ങി. റേഡിയോവിൽ നിന്നും അകന്ന ശ്രോതാക്കളെ ഒരു ഇടവേളയ്ക്കുശേഷം റേഡിയോവിലേക്ക് ആകർഷിച്ചതിൽ നിർണ്ണായക പങ്കുവഹിച്ചയാൾ എന്ന നിലയിൽ റേഡിയോ മാധ്യമചരിത്രത്തിൽ തന്നെ ഇടം കണ്ടെത്തിയാണ് കനകാംബരൻ മാധ്യമം വിടുന്നത്. റേഡിയോ എന്ന മാധ്യമത്തിന്റെ ഒരിക്കലും നഷ്ടമാവാത്ത പ്രസക്തിയും സാധ്യതയും ദൃശ്യമാധ്യമങ്ങളുടെ കെട്ടുകാഴ്ചകൾക്കിടയിലും ബോദ്ധ്യപ്പെടുത്തിത്തരാൻ കനകാംബരന് കഴിഞ്ഞു.

കോഴിക്കോട് ആകാശവാണിയിലെ ആദ്യത്തെ ഫോൺ-ഇൻ-പരിപാടിയുടെ ആശയവും അവതരണവും കനകാംബരന്റേതായിരുന്നു. ശ്രോതാക്കളെ വീണ്ടും റേഡിയോവിലേക്ക് ആകർഷിച്ച ഹലോ ഇഷ്ടഗാനം എന്ന ആ പരിപാടി ജീവിതത്തിന്റെ എല്ലാ തുറയിലും പെട്ട സാധാരണക്കാരുൾപ്പടെയുള്ളവർക്ക് ഇഷ്ടഗാനം കേൾപ്പിച്ചു കൊടുക്കുക മാത്രമല്ല ചെയ്തത്. കനകാംബരന്റെ സവിശേഷമായ ഇടപെടൽ ശ്രോതാക്കൾക്ക് സാന്ത്വനവും ജീവിത ഊർജ്ജവും പകർന്നുനൽകുന്നതായിരുന്നു. അവതാരകരും ആകാശവാണിയും അറിയാതെ തന്നെ ഈ ഫോൺ-ഇൻ-പരിപാടി ഒരു സാന്ത്വന പരിപാടിയായി മാറി.

1999-ൽ തുടങ്ങിയ ഫോൺ-ഇൻ-പരിപാടി, സാധാരണക്കാരന്റെ അത്താണിയും ആശ്വാസവുമായി മാറി. സാധാരണക്കാർ അവരിലൊരാളായി ആർ.കെ യെ കണ്ടതോടെ അവരുടെ വിഷമതകളും പ്രശ്നങ്ങളും ഫോൺ-ഇൻ-പരിപാടിയിലൂടെ പങ്കുവെക്കാൻ തുടങ്ങി. രോഗികളും, കാഴ്ചയില്ലാത്തവരും, ശയ്യാവലംബിയായവരും ഒക്കെ ആർ.കെയുമായി തങ്ങളുടെ വിഷമതകൾ പങ്കുവെക്കാൻ തുടങ്ങിയതോടെ ഇതൊരു സാന്ത്വനം പരിപാടിയായി മാറി. ഒരുപാടു പേർക്ക് ഇത് ആശ്വാസവും ഉന്മേഷവും പകർന്നു. ജീവിതത്തിൽ പല പ്രശ്നങ്ങൾ കൊണ്ട് തളർന്നുപോയവർക്ക് താങ്ങായി മാർഗ്ഗദീപമായി ആർ.

# "ഇന്ത്യ ഈസ് എ ഫ്രീ കൺട്രി"





1999-ൽ തുടങ്ങിയ ഫോൺ ഇൻ-പരിപാടി, സാധാരണക്കാരന്റെ അത്താണിയും ആശ്വാസവുമായി മാറി. സാധാരണക്കാർ അവരിലൊരാളായി ആർ.കെ യെ കണ്ടതോടെ അവരുടെ വിഷമതകളും പ്രശ്നങ്ങളും ഫോൺ-ഇൻ-പരിപാടിയിലൂടെ പങ്കുവെക്കാൻ തുടങ്ങി. രോഗികളും, കാഴ്ചയില്ലാത്തവരും, ശയ്യാവലംബിയായവരും ഒക്കെ ആർ.കെയുമായി തങ്ങളുടെ വിഷമതകൾ പങ്കുവെക്കാൻ തുടങ്ങിയതോടെ ഇതൊരു സാന്ത്വനം പരിപാടിയായി മാറി.

കെയും ഇഷ്ടഗാനം പരിപാടിയും മാറി. കിടപ്പിലായ തന്റെ ശ്രോതാക്കളെത്തേടി ആർ.കെ. വയനാട്ടിലും മലപ്പുറത്തും വരെ എത്തി. ശ്രോതാക്കളെ നേരിൽ കാണാൻ പ്രത്യേകം സമയം കണ്ടെത്തിയ ഈ പ്രതിഭ ഒരു ആശ്വാസ മാധ്യമമായി മാറുകയായിരുന്നു.

ഈ ഫോൺ-ഇൻ-പരിപാടിയിലൂടെ പരിചയപ്പെട്ട ചിലർ വിവാഹിതരുമായി. ശ്രോതാക്കളുടെ ആയിരക്കണക്കിന് കത്തുകളും ആർ.കെ.യെ തേടിയെത്തി. കുട്ടികൾക്കുവേണ്ടി മയിൽപ്പീലി എന്ന ഫോൺ-ഇൻ-പരിപാടിയും ആർ.കെ തുടങ്ങിവെച്ചു.

ഫോൺ-ഇൻ-പരിപാടിക്ക് വെറുതെയുള്ള കളിതമാശകളും നേരംകൊല്ലി വർത്തമാനങ്ങളും എന്നതിനുമപ്പുറം സാമൂഹികമായി ചില മാനങ്ങളുണ്ടെന്ന് പുതിയ ന്യൂജനറേഷൻ റേഡിയോ പരിപാടികളുടെ പ്രളയകാലത്ത് ആർ. കനകാംബരൻ തന്റെ മാധ്യമത്തിലൂടെ തെളിയിച്ചിരിക്കുകയാണ്. റേഡിയോയെ സാധാരണക്കാരനിലേക്ക് വീണ്ടും അടുപ്പിച്ച ആർ.കനകാംബരൻ എന്ന റേഡിയോ മാധ്യമപ്രതിഭ റേഡിയോ എന്ന മാധ്യമത്തിന്റെ ശക്തനായ ഒരു വക്താവായി മാധ്യമചരിത്രത്തിലും ജനമനസ്സുകളിലും ഇടംനേടും. ആർ.കെ വിരമിക്കുന്നില്ല. ആ ഗംഭീരശബ്ദം സാധാര

സുകുമാരന്റെ.........
ണക്കാരന്റെ മനസ്സിൽ നിന്നും വിരമിക്കുന്നതെങ്ങനെ?

.ചെയ്തുവരുന്നത്. ഒരുപാട് ഊർജ്ജവും സമയവും ചില വിട്ട് സ്വന്തമായി അന്വേഷണവും പഠനവും നടത്തിയ സുകുമാരൻ പക്ഷേ താൻ ഈ രംഗത്ത് ഒരു അതോറിറ്റി അല്ലേയല്ല എന്ന് വിനയത്തോടെ സമ്മതിക്കുന്നു. സുകുമാരൻ ജൈവ ഇന്ധനത്തിന്റെ പ്രസക്തി മനസ്സിലാക്കി

**ഇന്ത്യ സ്വാതന്ത്ര്യയായ വാർത്ത ആൾ ഇന്ത്യ റേഡിയോവിലൂടെ രാജ്യത്തെ അറിയിച്ച ന്യൂസ് റീഡർ പൂർണ്ണം വിശ്വനാഥൻ ആ അനുഭവം വിവരിക്കുന്നു..**

"1945 മുതൽ ഞാൻ ആൾ ഇന്ത്യ റേഡിയോയിൽ വാർത്ത വായനക്കാരനാണ്. 1947 ആഗസ്റ്റ് 14 രാത്രി എനിക്കാണ് ഡ്യൂട്ടി വീണത്. കിഴക്കൻ ഏഷ്യൻ ശ്രോതാക്കൾക്കുവേണ്ടിയുള്ള രാവിലെ 5.30 നുള്ള ആദ്യ ബുള്ളറ്റിൻ വായിക്കാൻ ഞാൻ നിയോഗിക്കപ്പെട്ടു. ഞാൻ വികാരാധീനനായി. പക്ഷേ വാർത്ത വായിക്കുന്ന സമയം ഞാൻ കരച്ചിലടക്കാൻ പാടുപെട്ടു. വായന കഴിഞ്ഞ് ഞാൻ കരഞ്ഞുപോയി. "ഇന്ത്യ ഈസ് എ ഫ്രീ കൺട്രി" അതായിരുന്നു. ആദ്യത്തെ വാചകം. സ്വാതന്ത്ര്യപ്രഖ്യാപന പ്രസംഗത്തിൽ നെഹ്റു തന്നെ കരഞ്ഞുപോയി. പിന്നെ വാർത്ത വായനക്കാരന്റെ കാര്യം പറയാനുണ്ടോ!!"
(2007 ൽ ശോഭാവാര്യരുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്)

## ആദ്യത്തെ റേഡിയോയിലൂടെയുള്ള ക്രിക്കറ്റ് തത്സമയ സംപ്രേഷണം

ആസ്ത്രേലിയയിൽ സിഡ്നി ക്രിക്കറ്റ് ഗ്രൗണ്ടിൽ ചാൾസ് ബാന്നർമാന് വേണ്ടിയുള്ള വിവാഹ ആഘോഷത്തിന്റെ ഭാഗമായി 1922-ൽ നടന്ന ക്രിക്കറ്റ് മാച്ച് ആണ് ലോകത്ത് ആദ്യമായി റേഡിയോയിലൂടെ സംപ്രേഷണം ചെയ്തത്. ഓരോ ബോളിന്റെയും വിശദാംശങ്ങളോടെ നടന്ന കമന്ററിയുമായി ബിബിസി റേഡിയോ കടന്നുവന്നത് 1938 ജൂൺ 24 നായിരുന്നു.

അതിനായി പ്രചാരണം നടത്തുന്ന ഒരു സന്നദ്ധ പ്രവർത്തകനാണ്. പരമാവധി ആളുകളിലേക്ക് ഈ സന്ദേശം എത്തിക്കുക മാത്രമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനപ്പുറം യാതൊരു ഉദ്ദേശവും അദ്ദേഹത്തിനില്ല.

ജൈവ ഇന്ധന പ്ലാന്റ് സ്ഥാപിക്കുന്നതിന് വേണ്ട എല്ലാ മാർഗ്ഗനിർദേശങ്ങൾക്കും സുകുമാരനെ സമീപിക്കാം. ഒന്നുകിൽ അദ്ദേഹം തന്നെ സ്ഥലത്തെത്തി പ്ലാന്റ് നിർമ്മിച്ചുതരും. അല്ലെങ്കിൽ ഈ രംഗത്തെ വിദഗ്ധരെ പരിചയപ്പെടുത്തിത്തരും. എന്തായാലും ജൈവ ഇന്ധന പ്രചാരണം ഒരു മിഷൻ ആയി ഏറ്റെടുത്തിരിക്കുകയാണ് സുകുമാരൻ

**സുകുമാരന്റെ ഫോൺ: 09387889991**


ജീവിതത്തിന്റെ



ലളിതപാഠങ്ങൾ

അക്കു

# കുടജാദ്രിയുടെ വിപരീതാനുഭവങ്ങൾ





*യാത്രയുടെ വിശ്രാന്തിയും അനുഭൂതിയും തേടി മലകയറിച്ചെന്ന ഞങ്ങളെ കുടജാദ്രി ആട്ടിയിറക്കുകയായിരുന്നു*

വപുറത്തിറങ്ങാതെ പോയ 'നീലക്കടമ്പ്' എന്ന ചലചിത്രത്തിലെ അതീവ വശ്യമായ 'കുടജാദ്രിയിൽ കുടികൊള്ളും....' എന്ന ഗാനം ആദ്യമായി കേട്ടതിപ്പോഴും ഓർമ്മയിലുണ്ട്. കാവ്യസുന്ദരമായ വരികളും ആത്മീയാനുഭവമായി പടരുന്ന ഈണവും ശബ്ദ മാധുര്യവും... എല്ലാം ചേർന്ന് ഭക്തിസാന്ദ്രമായ ഒരു കുടജാദ്രി അന്തരീക്ഷം ഭാവനയിൽ അന്നേ മെനഞ്ഞിട്ടു. ഉത്തുംഗമായ ഗിരിശൃംഗത്തിൽ മഞ്ഞിൽ കുതിർന്നു നിൽക്കുന്ന ഒരു കൽമണ്ഢപവും തണുത്ത കാറ്റും ഇളകിയാടി കമ്പനമുണ്ടാക്കുന്ന ഓട്ടുമണികളും.. അന്നുവരെ കാണാത്ത ഒരു സാങ്കൽപികചിത്രമായി കുടജാദ്രി മനസ്സിൽ തങ്ങിനിന്നു. എന്നെങ്കിലുമൊരിക്കൽ പോകണം!

പിന്നെ കുടജാദ്രി വീണ്ടും ആവേശിക്കുന്നത് എം.ടിയുടെ 'വാനപ്രസ്ഥം' എന്ന ഹൃദയസ്പർശിയായ കഥ വായിച്ചപ്പോഴാണ്. നേർത്ത മഞ്ഞിൻപടലങ്ങൾ താഴ്വരയിൽ പരന്നിറങ്ങുന്ന സന്ധ്യാവേളയിൽ കുടജാദ്രി മലമുകളിൽ ജീവിതസായാഹ്നത്തിൽ സംഗമിച്ച്, അനശ്വര പ്രണയാത്മാക്കളായ മാഷും പ്രിയ ശിഷ്യ വിനോദിനിയും നിഴലുപോലെ പ്രാർത്ഥനാനിർഭരമായ മനസ്സുമായി നിൽക്കുന്ന ചിത്രത്തോടൊപ്പം, എം.ടിയുടെ വാക്കുകളിലൂടെ കുടജാദ്രിയുടെ ഒരു മിസ്റ്റിക് അനുഭവം വീണ്ടും മനസ്സ് നിറച്ചു. തീർച്ചയായും ഒരിക്കൽ കുടജാദ്രി കയറണം! മനസ്സിലുറപ്പിച്ചു.

അതിനുള്ള അവസരമൊത്തുവന്നത് പിന്നെയും രണ്ടുവർഷം കഴിഞ്ഞാണ്. 1994 ൽ. മംഗലാപുരത്ത് ഒരു സായാഹ്നപത്രത്തിൽ സബ് എഡിറ്ററായി ജോലി ചെയ്ത ഹ്രസ്വകാലഘട്ടം! സുഹൃത്ത് സന്തോഷും കൂട്ടിനുണ്ടായിരുന്നു. പക്ഷേ തുടക്കത്തിലേ പല പ്രശ്നങ്ങളാലും പത്രത്തിന്റെ പ്രവർത്തനം പിഴച്ചു. പത്രാധിപരായ കെ.എൻ.ഷാജി ആദ്യം രാജിവെച്ചു. പിറകെ എനിക്കും സന്തോഷിനും രാജിവെക്കേണ്ടിവന്നു. ആനുകൂല്യങ്ങൾ വാങ്ങി മാനേജ്മെന്റിനോട് പ്രതിഷേധം രേഖപ്പെടുത്തി പിരിഞ്ഞുപോരുമ്പോൾ മുന്നിൽ ശൂന്യതയായിരുന്നു. ഇനി എന്തു ചെയ്യണം? എന്തായാലും ഉടനെ നാട്ടിലേക്ക് പോരാൻ വയ്യ! ഒന്നു ചുറ്റിക്കറങ്ങാം. ഉടനെ മനസ്സിൽ എത്തി. കുടജാദ്രി!

മംഗലാപുരത്തുനിന്ന് 130 ഓളം കിലോമീറ്ററുണ്ട് മൂകാംബികയിലേക്ക്. അവിടെനിന്ന് പതിനഞ്ചോളം കി.മീ പോയി പിന്നെ കാട്ടിലൂടെ നടന്നുകയറണം കുടജാദ്രിയിലേക്ക്. എല്ലാവിധ ഭാരവുമൊഴിഞ്ഞ അവസ്ഥയിൽ ഒരു തീർത്ഥാടനത്തിന്റെ മൂഡിൽ കുടജാദ്രി കയറാൻ ഞങ്ങൾ തീർച്ചയാക്കി.

മൂകാംബികയിലെ സൗപർണ്ണികയിലെ തെളിനീരിൽ മുങ്ങിക്കുളിച്ച് പ്രഭാതത്തിൽ ഞങ്ങൾ കുടജാദ്രിയിലേക്ക് പുറപ്പെട്ടു. ബസ്സിറങ്ങി കൂത്തനെയുള്ള മലമ്പാതകൾ കാൽനടയായി താണ്ടിക്കൊണ്ടുള്ള കാനനയാത്രയാണ്. കാട് തുടങ്ങുന്നിടത്ത്, ഏത് ചന്ദ്രമണ്ഡലത്തിലും മലയാളി ചായക്കട തുടങ്ങുമെന്ന തമാശ യാഥാർത്ഥ്യമാക്കിക്കൊണ്ട് മൂവാറ്റുപുഴക്കാരൻ തങ്കപ്പൻ ചേട്ടന്റെ 'സന്തോഷ് ടീസ്റ്റാൾ'. പുട്ടും കടലയും വയറുനിറയെ കഴിച്ച്, സാഹസികമായ ഒരു ട്രക്കിംഗിന് മനസ്സും ശരീരവും സജ്ജമാക്കി.

......... ശേഷം പേജ് 15 ൽ

ദുർഘടമായ കയറ്റങ്ങൾ പിന്നിട്ട് ക്ലേശകരമായ നാലഞ്ചു മണിക്കൂറുകൾക്കുശേഷം കുടജാദ്രിക്കു മുകളിലെത്തി. നട്ടുച്ചയ്ക്കും നല്ല തണുപ്പ്. എം.ടി വാനപ്രസ്ഥത്തിൽ വിവരിച്ച കന്നട ബ്രാഹ്മണൻ പൂജാരി ഭട്ട്ര് പുഞ്ചിരിയുടെ ഓടിവന്ന് ഞങ്ങളെ എതിരേറ്റു. നിറയെ മീനുകൾ നീന്തിത്തുടിക്കുന്ന ഒരു ചതുരക്കുളത്തിന്റെ കരയിലെ പഴയ വീട്ടിലേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. കുളത്തിന്റെ അല്പം മുകൾഭാഗത്തായി ക്ഷേത്രം! അതിനും മീതെ പാതി മഞ്ഞിൽ പൊതിഞ്ഞ് തലയുയർത്തി നിൽക്കുന്ന ചെങ്കുത്തായ മല.

സന്ദർശകർക്ക് ആതിഥേയത്വമരുളുന്ന ഭട്ട്രും കുടുംബവും താമസിക്കുന്ന ഈ വീട്ടിലാണ് എം.ടിയുടെ കഥയിൽ മാഷും വിനോദിനിയും ഭാര്യാഭർത്താക്കൻമാരായി അന്തിയുറങ്ങിയതെന്ന് ഓർമ്മിച്ചു. ഞങ്ങൾക്ക് ഇന്ന് അന്തിയുറങ്ങാനുള്ള ഇടവും ഇതുതന്നെ. എം.ടി വിവരിച്ച അതേ ഛായ തന്നെ ഭട്ട്ർക്ക്. ചൂടുചായ കിട്ടി. ഞങ്ങളുടെ ബാഗ് ഭട്ട്ര് വാങ്ങിവെച്ചു. ഊണ് റെഡിയാകുമ്പോഴേക്ക് സർവ്വജ്ഞപീഠം കയറിവരാമെന്ന് ഭട്ട്ര് നിർദേശിച്ചു. ശങ്കരാചാര്യർ നൂറ്റാണ്ടുകൾക്കു മുമ്പേ കയറിവന്ന് തപസ്സിരുന്ന സ്ഥലമാണ് സർവ്വജ്ഞപീഠം. കുത്തനെ വീണ്ടും മുകളിലേക്ക് കയറണം. അതിനായി നടക്കുമ്പോൾ ഭട്ട്ര് പറഞ്ഞു. "ചോറ് ഞാൻ തയ്യാറാക്കാം. താഴെ ശൂദ്രൻമാരുടെ വീടുണ്ട്. ഞങ്ങളെ കൂടാതെ ഈ മലമുകളിലെ ഏക കുടുംബം. അവിടെപ്പോയി ഭക്ഷണം കഴിച്ചേക്കരുത്!"

'ഇസ്ലാമും നസ്രാണി'യുമടങ്ങുന്ന ഈ രണ്ട് യാത്രികരെ ശുദ്ധബ്രാഹ്മണരായി ഭട്ട്ര് കണ്ടുവോ? അതോ വീണുകിട്ടിയ ടൂറിസ്റ്റുകളെ തനിക്കുറപ്പിക്കാനുള്ള മത്സരബുദ്ധിയോ? ഉള്ളിൽ ചിരി തോന്നിയെങ്കിലും മലമുകളിൽ നിന്നു കേട്ട ഈ 'ജാതിചിന്ത' അരോചകമായി തോന്നി. ഞങ്ങളുടെ

# പച്ചയുടെ വർത്തമാനങ്ങൾ

**വീ സീ അഭിലാഷ്**

**ബെന്നി കുര്യന്റെ പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യം (ഡി.സി. ബുക്സ്) എന്ന പുസ്തകത്തിന്റെ വായന**




ലോക സാമ്രാജ്യത്വ ചരിത്രത്തിൽ വൻശക്തികൾ കോളനികളിൽ നിന്നും തട്ടിയെടുത്ത് സമ്പാദിച്ചവയിൽ വനവിഭവങ്ങൾ വളരെ കുറവായിരുന്നുവെന്നൊരു നിരീക്ഷണമുണ്ട്. പ്രത്യേകിച്ചും ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കോളനിരാഷ്ട്രങ്ങളിൽ നിന്നും ബ്രിട്ടൻ കടത്തിക്കൊണ്ടുപോയ മലഞ്ചരക്ക് സാധനങ്ങളധികവും നാട്ടുവിഭവങ്ങളോ തദ്ദേശീയരായ ജനതയുടെ കൃഷിയിടങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളോ ആണ് എന്നത് ശ്രദ്ധേയമാണ്. കാടും അതിന്റെ പരിസരവും കാട്ടുനിവാസികളുടെ കൈകളിലായിരുന്നു. കാട്ടിലേക്ക് കടന്നുകയറുന്നത് സ്വദേശിയായിരുന്നാലും വിദേശിയായിരുന്നാലും ആദിവാസിക്ക് ഒരുപോലെയാണ്. എന്നാൽ നമ്മുടെ ജൈവസമ്പത്തിന് പിന്നീട് എന്തുകൊണ്ട് തേയ്മാനം സംഭവിച്ചു? തദ്ദേശീയരുടെ തന്നെ അധിനിവേശമെന്ന് ലളിതമായി ഉത്തരം പറയാമെങ്കിലും ബൃഹത്തായ പഠനം ആവശ്യമുള്ള വിഷയമാണത്. നമ്മൾ തന്നെ നമ്മെ ഭരിക്കുന്ന സാമ്രാജ്യത്വശക്തിയായി.

1994-ലെ ദേശീയ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തലിനു (Environmental Impact Assignment) ശേഷം ഒന്നര ദശാബ്ദത്തോളം കടന്നുപോയിരിക്കുന്നു. 2002-ൽ നമ്മുടെ ജൈവവൈവിധ്യ നിയമവും നിലവിൽ വന്നു. വിലയിരുത്തലുകളും നിയമനിർമ്മാണവും നമ്മുടെ പച്ചപ്പിന്റെ സംരക്ഷണത്തിന് എത്രത്തോളം ഉപയോഗിക്കപ്പെടുന്നു എന്നതും കുഴപ്പിക്കുന്ന കാര്യമാണ്. ശ്രീ. ബെന്നി കുര്യന്റെ പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യം എന്ന പുസ്തകം നിലവിലെ സാഹചര്യത്തിൽ മേൽപറഞ്ഞ 'കുഴപ്പിക്കുന്നതും ധർമ്മസങ്കടത്തിൽ പെടുത്തുന്നതു'മായ ചോദ്യങ്ങൾക്ക് വ്യക്തതയോടെ മറുപടി നൽകുന്നുണ്ട്. വനനശീകരണത്തിന്റെ, വംശനാശ ഭീഷണിയുടെ കാരണങ്ങൾ കണ്ടെത്താൻ നമ്മുടെ 'ഔദ്യോഗിക പാരിസ്ഥിതിക പഠിതാക്കൾ' ഗവേഷണം തുടരുമ്പോൾ ഒരു ക്യാമറയും തൂക്കിപ്പിടിച്ച് ഉൾക്കാടുകളിലേക്ക് നടത്തിയ ഒരു യാത്രയിലെ നിരീക്ഷണങ്ങളാണ് ഈ കൃതി. ഡാമുകളുടെ നിർമ്മാണം വഴി പശ്ചിമഘട്ടത്തിൽ ആനകളുടെ എണ്ണം കുറഞ്ഞു എന്നു കണ്ടെത്തുമ്പോൾ, വമ്പൻ ശക്തികളുടെ തോട്ടവൽക്കരണത്തിലൂടെ വനസമ്പത്തിന്റെ വ്യാപ്തി കുറഞ്ഞിരിക്കുന്നു എന്ന് ബെന്നികുര്യൻ വിശദീകരിക്കുമ്പോൾ ഏതുതരം വികസന മുന്നേറ്റവും നമ്മെ നോക്കി കൊഞ്ഞനം കുത്തുമെന്നുറപ്പ്. വികസനത്തിനുമപ്പുറം 'കടന്നുകയറ്റ'ങ്ങൾ സൃഷ്ടിക്കുന്ന അരാജകത്വം ഭീകരമാണ്. അധിനിവേശം മനസ്സുകളിലാണ് തുടക്കം

**പശ്ചിമഘട്ടത്തിലെപുൽമേടുകളുടെ തോട്ടവൽക്കരണം നീലക്കുറിഞ്ഞിയുടെ പ്രാദേശിക നാശത്തിന് ഇടയാക്കി. കേരളത്തിൽ ഏതാണ്ട് 110 വർഗങ്ങളിൽ പെട്ട പുഷ്പിക്കുന്ന സസ്യങ്ങൾ വംശനാശം നേരിടുന്നവയാണ്. ഇവ ദേശ്യങ്ങളുമാണ്. കേരളത്തിൽ ഏതാണ്ട് മുപ്പതോളം സസ്യവർഗങ്ങൾ വംശനാശത്തിന്റെ ഏറ്റവും അപകടകരമായ വക്കത്താണ് എന്ന് റെഡ് ഡാറ്റാ ബുക്ക് പറയുന്നു.**

കുറിക്കുന്നത്. അവിടെ നിന്നു തന്നെ പടരുന്നു. 'ദേശ്യങ്ങളായ വർഗങ്ങളു'ടെ ജീവിതം വളരെ ലോലമായി അതതു പ്രദേശങ്ങളിലെ പരിസ്ഥിതിയുമായി കണ്ണി ചേർക്കപ്പെട്ടിരിക്കുന്നു. ആ പ്രദേശങ്ങളിലെ പരിസ്ഥിതിയിലുണ്ടാവുന്ന നാശം ഏറ്റവും പെട്ടെന്ന് ബാധിക്കുന്നത് ദേശ്യവർഗങ്ങളെയാണ്. ഉദാഹരണത്തിന് പശ്ചിമഘട്ടത്തിലെപുൽമേടുകളുടെ തോട്ടവൽക്കരണം നീലക്കുറിഞ്ഞിയുടെ പ്രാദേശിക നാശത്തിന് ഇടയാക്കി. കേരളത്തിൽ ഏതാണ്ട് 110 വർഗങ്ങളിൽ പെട്ട പുഷ്പിക്കുന്ന സസ്യങ്ങൾ വംശനാശം നേരിടുന്നവയാണ്. ഇവ ദേശ്യങ്ങളുമാണ്. കേരളത്തിൽ ഏതാണ്ട് മുപ്പതോളം സസ്യവർഗങ്ങൾ വംശനാശത്തിന്റെ ഏറ്റവും അപകടകരമായ വക്കത്താണ് എന്ന് റെഡ് ഡാറ്റാ ബുക്ക് പറയുന്നു. (പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യം: പേജ് 104)

നമ്മുടെ രാഷ്ട്രം 1998-ലെ Conservation international (UNO) ന്റെ ബൃഹദ് ജൈവവൈവിധ്യപട്ടികയിൽ ഇടം നേടിയിട്ടുണ്ട്. ഇന്ത്യയ്ക്കുപുറമേ മറ്റു 16 അംഗങ്ങൾ കൂടിയുണ്ട് ആ സംഘടനയിൽ. ഭൂമിയുടെ മൊത്തം ജൈവവൈവിധ്യത്തിന്റെ 8 ശതമാനത്തോളം ഭാഗം ഉൾക്കൊള്ളുന്ന പ്രദേശമാണ് ഇന്ത്യ. ഈ ഹരിതസ്വർഗത്തിലെ സസ്യ ജീവജാലങ്ങളിൽ 33 ശതമാനവും ഇന്ത്യയിൽ മാത്രം കാണപ്പെടുന്നവയാണ് എന്നും കണ്ടെത്തിയിട്ടുണ്ട്. പശ്ചിമഘട്ടത്തിലാണ് ഇന്ത്യൻ ജൈവസമ്പത്തിന്റെ നല്ലൊരു പങ്കും എന്നതിനാൽ തന്നെ ഈ പുസ്തകത്തിന്റെ വായന, ബെന്നികുര്യന്റെ ശ്രമങ്ങളോടുള്ള മതിപ്പ് വർദ്ധിക്കാൻ ഇടയാക്കുന്നു.

## ഒടുവിൽ ഫിഫ്ത് എസ്റ്റേറ്റും



ജുഡീഷ്യറി, എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ എന്നീ ജനാധിപത്യത്തിന്റെ മൂന്ന് തൂണുകൾക്കുമപ്പുറം നാലാമത് മാധ്യമങ്ങളുടേതായ ഒരു ഘടകം കൂടിയുള്ളതിനെ ഫോർത്ത് എസ്റ്റേറ്റ് എന്ന് വിവക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ ഈ നാല് എസ്റ്റേറ്റുകളും വിശ്വാസ്യത നഷ്ടപ്പെടുത്തിയതായും അതിനാൽ അഞ്ചാമത്തെ ഒരു എസ്റ്റേറ്റും രൂപം കൊടുത്തിരിക്കുന്നുവെന്നും എഴുത്തുകാരുടേയും സാമൂഹ്യപ്രവർത്തകരുടേയും കൂട്ടായ്മ പ്രഖ്യാപിച്ചിരിക്കുന്നു. സക്കറിയ, ആനന്ദ്, ബി.ആർ.പി. ഭാസ്കർ, കെ.എം.റോയ്, സാറാ ജോസഫ് തുടങ്ങിയവരാണ് ഫിഫ്ത് എസ്റ്റേറ്റിന്റെ വക്താക്കളായി നിലവിൽ വന്നിരിക്കുന്നത്. ഇനി ആറാമതും ഏഴാമതും ആയ എസ്റ്റേറ്റുകൾ കൂടി വേണ്ടി വരുമോ?

## ഫുകുഷിമ ഇഫക്ട് വരുന്നു

ചെർണോബിൽ ആണവദുരന്തത്തിന്റെ ഫലമായി പുറത്തുവന്ന അതിമാരകങ്ങളായ ആണവവികിരണങ്ങൾ മഴയിലും കാറ്റിലും മഞ്ഞുവീഴ്ചയിലും പെട്ട് അറ്റ്ലാന്റിക്, പസഫിക് സമുദ്രങ്ങൾ താണ്ടി നമ്മുടെ നാട്ടിലുമെത്തി. ആ സമയത്തെ വേനൽമഴ വിഷത്തെ നമ്മുടെ ഓരോരുത്തരുടെയും കിണറ്റിലുമെത്തിച്ചു. ഒരു ആണവദുരന്തം കഴിഞ്ഞ് അഞ്ച് വർഷമെങ്കിലും കഴിഞ്ഞാലെ കാൻസർ പോലുള്ള മാരക പ്രത്യാഘാതം പ്രത്യക്ഷപ്പെടൂ. 40 വർഷങ്ങൾ വരെ ദുരന്തഫലങ്ങൾ കാണാം. ആണവവികിരണങ്ങൾ ശരീരത്തിലുണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ച് ആഴത്തിൽ പഠിച്ച യൂറോപ്യൻ കമ്മീഷൻ ഓൺ റേഡിയേഷൻ റിസ്ക് അംഗമായ വി.ടി. പത്മനാഭൻ മാധ്യമം ആഴ്ചപ്പതിപ്പിലെ അഭിമുഖത്തിൽ പറഞ്ഞതാണിത്. അങ്ങനെയെങ്കിൽ ചെർണോബിൽ ദുരന്തത്തിന്റെ 3 ഇരട്ടിയോളം വരുന്ന ഫുകുഷിമ ദുരന്തം നമ്മെയും പിടികൂടില്ലേ?

## ഐ.ടി ജോലി ഉപേക്ഷിച്ച് ടിബിൻ പ്രകൃതികൃഷിയിലേക്ക്


കൃഷിയിൽ നിന്ന് പരമാവധി അകലം പാലിക്കാൻ ശ്രമിക്കുന്ന യുവതലമുറയ്ക്ക് മാതൃകയാകുകയാണ് ഐ.ടി രംഗത്ത് പ്രവർത്തിച്ച 23 കാരൻ. പ്രകൃതി കൃഷിരീതിയിലൂടെ നെൽകൃഷിയിൽ നൂറുമേനി വിളയിച്ച് തൃശൂർ വരന്തരപ്പിള്ളി കോടാലിയിലെ പാറക്കൽ ശശിധരൻ-സുമ ദമ്പതികളുടെ മകൻ പി. എസ്. ടിബിനാണ് നേട്ടം കൊയ്തത്. പരീക്ഷണം വിജയിച്ചതോടെ പാലക്കാട്, തൃശൂർ, വയനാട് ജില്ലകളിൽ കർഷകർ തരിശിട്ട കൃഷിഭൂമികൾ പാട്ടത്തിനെടുത്ത് പ്രകൃതി കൃഷി ചെയ്യാനുള്ള ഒരുക്കത്തിലാണ് ടിബിൻ. കോടാലി ഉപ്പുഴി പാടശേഖരത്തിൽ പിതാവിന്റെ പേരിലുള്ള 50 സെന്റ് കൃഷിയിടത്തിലെ 10 സെന്റിലാണ് നാടൻ വിത്തിനമായ കുറുവ നെല്ല് കൃഷി ചെയ്തത്. രാസവളമോ ജൈവവളമോ ഉപയോഗിക്കാതെയായിരുന്നു കൃഷി. ഞാറുകളിൽ പശുവിൻ മൂത്രം, ചാണകം എന്നിവ ചേർത്തുണ്ടാക്കിയ ജീവാമൃതം തളിച്ചു കൊടുത്തതോടെ ചെടികൾ കിളിർത്തു. സമീപത്തെ അഞ്ചേക്കറോളം സ്ഥലത്ത് മറ്റ് കർഷകർ സമ്മിശ്രകൃഷിയാണ് ചെയ്തിരുന്നത്. ഇതിൽ നിന്ന് ലഭിച്ചതിനേക്കാൾ കൂടുതൽ വിളവ് ടിബിന് കിട്ടി. ചിലവും വളരെ കുറച്ചേ വേണ്ടിവന്നുള്ളൂ. വരന്തരപ്പിള്ളി പഞ്ചായത്തിലെ പത്തേക്കറോളം സ്ഥലത്ത് ഈ കൃഷിരീതി അവലംബിക്കാനാണ് കർഷകർ തീരുമാനിച്ചിരിക്കുന്നത്. തൃശൂർ അഷ്ട മിച്ചിറയിൽ പ്രകൃതികർഷകനായ സുഭാഷ് പലേക്കറുടെ ചിലവില്ലാ കൃഷി സെമിനാറിൽ പങ്കെടുത്തതോടെയാണ് ടിബിന് കൃഷിയോട് താൽപര്യം ജനിച്ചത്. എറണാകുളത്തെ സ്വകാര്യസ്ഥാപനത്തിൽ ഐ.ടി പ്രൊഫഷണലായി ജോലി നോക്കവെ കൃഷിയോടുള്ള താൽപര്യം കൂടിയതോടെ തൊഴിൽ ഉപേക്ഷിച്ച് പ്രകൃതികൃഷിയിലേക്കിറങ്ങുകയായിരുന്നു. ചിലവില്ലാ കൃഷി പ്രോത്സാഹിപ്പിക്കാൻ സുഹൃത്തുക്കളായ ഹിലാൽ, ജോർജ്, സുജിത് എന്നിവരോടൊപ്പം എല്ലാ ജില്ലകളിലും പ്രകൃതി കൃഷിയുടെ മാതൃകാഫാമുകൾ ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങളിലാണിപ്പോൾ. (മാ

*മാധ്യമം*

## കറൻസിയുടെ മറുവശം



കറന്റ് സയൻസ് മാഗസിന്റെ പുതിയ ലക്കത്തിൽ പ്രസിദ്ധീകരിച്ച പഠനപ്രകാരം കറൻസികളിലും 96% നാണയങ്ങളിലും അപകടകാരികളായ ബാക്ടീരിയകളാണത്രേ. മാരകമായ പല രോഗങ്ങൾക്കും കാരണമാവുന്നതും ആന്റിബയോട്ടിക്കുകളോട് പ്രതിരോധിക്കുന്നതുമായ എസ്ചെറിഷ്യാ കോളി (Escherichia coli) പോലുള്ള ബാക്ടീരിയകൾക്കെതിരെ കറൻസി നോട്ടുകളും നാണയങ്ങളും കൈകാര്യം ചെയ്യുന്ന എല്ലാവരും ബോധവാൻമാരാകണമെന്ന് പഠനം മുന്നറിയിപ്പ് നൽകുന്നു.




## തണലും വോഡഫോണും

നമ്മുടെ ഹൈവേകളിൽ ചിലയിടങ്ങളിൽ മരം വെച്ചുപിടിപ്പിക്കാൻ ബഹുരാഷ്ട്ര കമ്പനിയായ വോഡഫോൺ പണം മുടക്കിയിരിക്കുന്നു.

## നഗരങ്ങളിലും പെൺകുട്ടികൾക്ക് രക്ഷയില്ല

പുതിയ സെൻസസ് പ്രകാരം നഗരങ്ങളിൽ ഗ്രാമത്തിലേതുപോലെ പെൺകുട്ടികൾ അവഗണന നേരിടുന്നുവത്രെ! പുതിയ സർവ്വെ പ്രകാരം 4000 ആൺകുട്ടികൾക്ക് 914 പെൺകുട്ടികളാണ്. ഇന്ത്യയിൽ 1991 ൽ ഇത് 1000 ത്തിന് 927 ആയിരുന്നു. സാമ്പത്തികശക്തിയായി ഇന്ത്യ കുതിക്കുമ്പോളാണിത്!





## ബുദ്ധപൂർണ്ണിമ ആഘോഷം

മെയ് 17
വൈശാഖ പൗർണ്ണമി
സന്ധ്യയ്ക്ക്
പൊന്നൂക്കരയിലെ
ഗ്രീൻഹോമിലേക്കു സ്വാഗതം

ദീപോഭവ
ബുദ്ധകഥകൾ
മൗനമന്ദഹാസം
അന്നം ബ്രഹ്മ
നിലാവിലേക്ക്

കുറച്ചുപേർക്കുമാത്രം
അവസരം
മുൻകൂട്ടി പേര് രജിസ്റ്റർ
ചെയ്യുക
വിളിക്കാൻ 9895148998

**മതാതീത ആത്മീയതയുടെ ഒരന്വേഷണം**

---

## 100 രൂപയ്ക്ക് കിട്ടുന്ന കാര്യങ്ങൾ

100 രൂപയ്ക്ക് നിങ്ങളുടെ മൊബൈൽ ഫോൺ റീചാർജ് ചെയ്താൽ എത്ര പേരെ വിളിക്കാം വളരെ കുറച്ചാളുകളോട് വളരെ കുറച്ച കാര്യങ്ങൾ മാത്രം സംസാരിക്കാം

100 രൂപയ്ക്ക് കിട്ടുന്ന മറ്റു കാര്യങ്ങൾ ആലോചിച്ചു നോക്കൂ..50 കപ്പ് ചായ കിട്ടുമായിരിക്കും 3 പായ്ക്ക് സിഗരറ്റ്, ആറോ ഏഴോ കുപ്പി വെള്ളം, നാലു മസാല ദോശ,....... പഞ്ചറായ കാർ രണ്ടു പ്രാവശ്യംനന്നാക്കാൻ 100 രൂപ തികയില്ല.

ഇനി പറയൂ ലിറ്റിൽ മാസിക ഒരു വർഷത്തേക്ക് തപാലിൽ കിട്ടാൻ 100 രൂപ മുടക്കിക്കൂടെ..?

എം. ഒ അയച്ചാൽ മതി.
**ചുങ്കത്തറ പി.ഒ., മലപ്പുറം – 679334**

**ചങ്ങാതീ പോസ്റ്റാഫീസ് വരെ ഒന്നു പോകാമോ..**

---

# പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ്

പരിസ്ഥിതി വിഷയങ്ങൾക്ക് ഊന്നൽ നൽകി തൃശൂരിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന കേരളീയം മാസിക നൽകുന്ന ബിജു.എസ്.ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മാധ്യമ പ്രവർത്തകർക്കും മാധ്യമപ്രവർത്തനത്തിൽ താൽപര്യമുള്ള 35 വയസ്സിൽ താഴെ പ്രായമുള്ള യുവതീ/യുവാക്കൾക്കും അപേക്ഷിക്കാം. താൽപര്യമുള്ളവർ ഈ വർഷം ഫെല്ലോഷിപ്പിനായി നിശ്ചയിച്ച 'വികസനവും പരിസ്ഥിതിയും' എന്ന വിഷയത്തെ ആസ്പദമാക്കി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന റിപ്പോർട്ടിന്റെ രൂപരേഖയും പ്രവർത്തന പദ്ധതിയും അയച്ചുതരിക. ഒപ്പം നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നത്തെ/വിഷയത്തെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ടും (10 പേജിൽ കുറയാതെ) ബയോഡാറ്റ സഹിതം താഴെപ്പറയുന്ന വിലാസത്തിൽ ജൂൺ അഞ്ചിന് ഉള്ളിൽ ലഭിക്കുന്ന രീതിയിൽ അയയ്ക്കുക. ഈ റിപ്പോർട്ടിന്റെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ, പരിസ്ഥിതി-മാധ്യമ വിദഗ്ധർ അടങ്ങുന്ന ജൂറി, തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ബിജുവിന്റെ ചരമദിനമായ ജൂൺ 28 ന് തൃശൂർ സാഹിത്യ അക്കാദമിയിൽ വെച്ച് നടത്തുന്ന ചടങ്ങിൽ 10,002 രൂപയുടെ ഫെല്ലോഷിപ്പ് നൽകും.

**വിലാസം: കേരളീയം ഫെല്ലോഷിപ്പ്, കേരളീയം, കൊക്കാലെ, തൃശൂർ–21**
**ഫോൺ: 9446576943, 0487 2421385**

## ...........കുടജാദ്രിയുടെ വിപരീതാനുഭവങ്ങൾ



ഞങ്ങളുടെ പേരിൽ പ്രത്യേകപൂജ കഴിക്കാൻ പണം നൽകേണ്ട കാര്യം പറഞ്ഞപ്പോൾ തിരിച്ചുവരുമ്പോൾ തരാമെന്നുപറഞ്ഞ് തൽക്കാലം ഒഴിഞ്ഞുമാറി.

സർവ്വജ്ഞപീഠം നിൽക്കുന്ന കുന്നിനപ്പുറം പുകമഞ്ഞ് മൂടിക്കിടക്കുന്ന ആ കൽമണ്ഡപത്തിൽ ധ്യാനിച്ചിരിക്കുന്ന ഒരു സന്യാസി. കണ്ണുതുറന്ന് ഞങ്ങളെ നോക്കി പുഞ്ചിരിച്ച് പരിചയപ്പെട്ടു. മലയാളമറിയാം. ശങ്കരാചാര്യരുടെ പാദസ്പർശമേറ്റ മണ്ണാണിതെന്നും കുറച്ചപ്പുറം താഴെ അദ്ദേഹം ധ്യാനിച്ചിരുന്ന ചിത്രമൂല എന്ന ഗുഹയുണ്ടെന്നു ഞങ്ങൾക്കു പറഞ്ഞുതന്നു. പിന്നെ സ്വകാര്യം പറയും പോലെ പറഞ്ഞു. "ഇപ്പോൾ ആ ഗുഹയിൽ ഒരു സന്ന്യാസിയുണ്ട്. ആളൊരു കള്ളനാണ്. നിങ്ങൾ പോയി കാണേണ്ട! കണ്ടാൽ ഒരുപക്ഷേ എന്നെക്കുറിച്ച് അയാൾ എന്തെങ്കിലും അനാവശ്യങ്ങൾ പറഞ്ഞുതന്നേക്കും." സർവ്വസംഗ പരിത്യാഗികളായ സന്യാസിമാർ ഇങ്ങനെ പരസ്പരം പഴിക്കുകയോ? അതും ജിജ്ഞാസുക്കളായി കയറിവന്ന ഞങ്ങളോട്? ഞങ്ങളുടെ ഉള്ളിൽ നിരാശയും അതൃപ്തിയും നിറയാൻ തുടങ്ങി. വിശുദ്ധിയുടെ പരിവേഷമണിഞ്ഞുനിൽക്കുന്ന ഈ ഗിരിശൃംഗത്തിനുമുകളിൽ വിലകുറഞ്ഞ പാഴ്‌വാക്കുകൾ! മനസ്സിൽ കോറിവരച്ച ഒരു മഹനീയ ചിത്രത്തിന് മങ്ങലേൽക്കുകയാണ്. കുടജാദ്രി മലയോ അവിടത്തെ കോടമഞ്ഞോ പ്രകൃതിസൗന്ദര്യമോ ഒന്നും ഹൃദ്യമായി തോന്നുന്നേയില്ല. മനസ്സിൽ മടുപ്പ് നിറഞ്ഞുവരികയാണ്. ഞാൻ സന്തോഷിനോട് ഇക്കാര്യം പങ്കുവെച്ചു. പൊടുന്നനെ തോന്നി ഉടനെ ഈ മലയിറങ്ങണം! എങ്കിലേ മനസ്സിന് സ്വസ്ഥത കൈവരൂ. എന്നാൽ രാത്രി തങ്ങാൻ ഒരുങ്ങിവന്ന ഞങ്ങൾക്ക് തിരിച്ചു നടന്നാൽ ഇരുട്ടും മുമ്പേ കാടിറങ്ങാൻ കഴിയുമോ? എന്തായാലും ഞങ്ങൾ രണ്ടും കൽപിച്ച് തീരുമാനമെടുത്തു. കുടജാദ്രി വിടുക തന്നെ! പക്ഷേ... ഒരു പ്രശ്നം ഞങ്ങളുടെ ബാഗുകൾ ഭട്ടരുടെ വീട്ടിലാണ്. അതെങ്ങനെ എടുക്കും. ഒടുവിൽ സന്തോഷ് രഹസ്യമായി ചെന്ന് ആരും കാണാതെ ബാഗുകളെടുത്ത് ഓടിവന്നു. അയാൾ തയ്യാറാക്കിയ ഊണുപോലും കഴിക്കാതെ, യാത്ര പറയാൻ നിൽക്കാതെ ഒളിച്ചുപോന്നു. മാത്രവുമല്ല ഒരു പ്രതിഷേധമെന്നോണം താഴെയുള്ള 'ശൂദ്രൻ'മാരുടെ വീട്ടിൽ കയറി ഭക്ഷണം കഴിച്ച് വേഗം മലയിറങ്ങി. കാടിന്റെ അതിർത്തിക്കടുക്കുമ്പോൾ ഇരുട്ട് തുടങ്ങിയിരുന്നു. ഇനി യാത്ര ദുഷ്കരമാണ്! തങ്കപ്പൻ ചേട്ടന്റെ ചായക്കടയിൽ ചെന്ന് രാത്രി ചുരുണ്ടുകൂടാൻ അനുവാദം ചോദിച്ചു.

കുടജാദ്രിയുടെ മുകളിൽ അന്തിയുറക്കം പ്രതീക്ഷിച്ചിറങ്ങിത്തിരിച്ച ഞങ്ങൾക്ക് സന്തോഷ് ടീ സ്റ്റാളിന്റെ കോലായയിലെ വീതികുറഞ്ഞ ബെഞ്ച് അഭയമായി.


പ്രതീക്ഷകൾ ആഹ്ലാദം കുറക്കുമെന്ന ഗുരുവാക്യമുണ്ടല്ലോ. അതാണോ കുടജാദ്രി തന്ന വിപരീതാനുഭവത്തിന് കാരണമായത്. അതോ മലമുകളിലെ ചപലമനസ്സുള്ള മനുഷ്യാത്മാക്കളുടെ വാക്കുകളോ? അതോ ഞങ്ങളുടെ അപക്വമായ മുൻവിധികൾ നിറഞ്ഞ അഹംഭാവമോ? അറിയില്ല. എന്തായാലും യാത്രയുടെ വിശ്രാന്തിയും അനുഭൂതിയും തേടി മലകയറിച്ചെന്ന ഞങ്ങളെ കുടജാദ്രി ആട്ടിയിറക്കുകയായിരുന്നുവെന്നത് സത്യം! എങ്കിലും ഇടയ്ക്ക് തോന്നുന്നു. ഒരിക്കൽ കൂടി കുടജാദ്രി കയറണം!

കാമ്പയിൻ

# നാടുനീങ്ങുന്ന കാഴ്ചകൾ

മണമ്പൂർ രാജൻബാബു,

ഇലക്ട്രോണിക് മാധ്യമങ്ങളുടെ കണ്ണഞ്ചിക്കുന്ന പ്രചാരത്തോടെ, കുറഞ്ഞുവരുന്ന വായനയെയും എഴുത്തിനെയും ദയാവധം ചെയ്യാനുള്ള തീവ്രയജ്ഞത്തിലാണ് നമ്മുടെ ഭരണാധികാരികൾ. അക്ഷരത്തിൽ നിന്ന് ജനങ്ങളെ, വിശേഷിച്ചും സാധാരണക്കാരെ അകറ്റുവാൻ ദൃഢപ്രതിജ്ഞ ചെയ്തപോലെയാണ് അവരുടെ പെരുമാറ്റം. ഉദാഹരണത്തിന്, ഡൽഹിയിലെ പോസ്റ്റൽ ഡയറക്ടർ ഇന്ത്യയിലെ എല്ലാ പോസ്റ്റുമാസ്റ്റർ ജനനറൽമാർക്കുമായി അയച്ച 40-60/2010/പി.എൽ.ജി. നമ്പറിലുള്ള 25/1/2011-ലെ കൽപനയിൽ ഗ്രാമപ്രദേശങ്ങളിലെ 9797 പോസ്റ്റ് ഓഫീസുകൾ എന്നെന്നേക്കുമായി അവസാനിപ്പിക്കാൻ നിർദേശിച്ചിരിക്കുന്നു. ഇത് നടപ്പായാൽ, ആ തപാലാപ്പീസുകളിലെ ജീവനക്കാരുടെ തൊഴിൽ പ്രശ്നത്തേക്കാൾ വലിയ സാംസ്കാരിക പ്രശ്നം ഇതിൽ ഉൾച്ചേർന്നിരിക്കുന്നതിനാലാണ് ഈ കത്ത് എഴുതുന്നത്.



സാധാരണ ജനങ്ങളുടെ ആശയവിനിമയോപാധികളിൽ ഏറ്റവും ജനകീയവും ആധികാരികവുമായ തപാൽവകുപ്പിനെ, രക്ഷിക്കേണ്ടവർ തന്നെ നശിപ്പിക്കാൻ തുടങ്ങിയിട്ട് കാലം കുറെയായി. സ്വകാര്യ കൊറിയർ കമ്പനികൾ തടിച്ചുകൊഴുത്തുവെന്നു മാത്രമല്ല മിനിമം കൊറിയർ അയയ്ക്കൽ ചാർജ് പത്ത് രൂപയിൽ നിന്ന് പെട്ടെന്ന് ഇരട്ടിയാക്കി വർദ്ധിപ്പിക്കുകയും ചെയ്തുകഴിഞ്ഞു. ഗ്രാമീണ തപാലാപ്പീസുകൾ നിലച്ചുകഴിഞ്ഞാൽ കത്തുകളും മണിയോർഡറുകളും എന്നുവേണ്ട പത്രമാസികകൾ വരെ തപാലിൽ എത്താത്ത സ്ഥിതിവരും. പോസ്റ്റിംഗ് സർട്ടിഫിക്കറ്റോടെ കത്തയക്കുന്ന രീതി (Under Certificate of Posting) കഴിഞ്ഞമാസം നിർത്തൽ ചെയ്തു.

മുമ്പ് ജില്ലാ ആസ്ഥാനങ്ങളിൽ പോസ്റ്റു ചെയ്തിരുന്ന ഒരു സാധാരണ കത്ത് പിറ്റേന്നുകാലത്ത് കേരളത്തിലെ ഏതൊരു ജില്ലാ ആസ്ഥാനത്തും ലഭിച്ചിരുന്നു. ഇപ്പോൾ ആ ഉറപ്പില്ല. കിട്ടുന്നത് ഏത് ദിവസവുമാകാം. കിട്ടിയില്ലെന്നും വരാം. തപാൽ ജീവനക്കാർ മടിയൻമാരായതല്ല കാരണം. ജീവനക്കാരുടെ എണ്ണം കുറക്കുന്നതിലും ഒഴിവുകൾ നികത്താതിരിക്കുന്നതിനാലുമാണ് ഭരണാധികാരികൾക്കു താല്പര്യം.

അക്ഷരത്തെ ഉപാസിക്കുന്നവരും സ്നേഹിക്കുന്നവരും ആശ്രയിക്കുന്നവരും കേരളത്തിൽ ഏറെയാണ്. എഴുത്തും വായനയും ഉപേക്ഷിക്കാൻ കേരളീയർക്കാവില്ല. മാത്രമല്ല, സേവനവകുപ്പായ തപാൽവകുപ്പ് ഇപ്പോഴും ഇപ്പോഴും വൻലാഭത്തിൽ നിലനിൽക്കുന്ന ഒരു കൊമേഴ്സ്യൽ വകുപ്പാണ്. അതിനാൽ, ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളുടെ ആശയവിനിമയ സൗകര്യങ്ങൾ അവർക്ക് അപ്രാപ്യമാക്കുന്ന സാഹസങ്ങൾക്കെതിരെ ശബ്ദിക്കാനും തീരുമാനങ്ങൾ പുന:പരിശോധിക്കാൻ ഭരണാധികാരികളെ ഉപദേശിക്കാനും വാക്കുകൊണ്ടു ജീവിക്കുന്ന ജനപ്രതിനിധികൾക്കെങ്കിലും കഴിയണം.

ഇക്കാര്യം അവരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ എഴുത്തുകാർക്കും സാംസ്കാരിക പ്രവർത്തകർക്കും ജനജിഹ്വകൾക്കും എല്ലാ അക്ഷരസ്നേഹികൾക്കും കഴിയേണ്ടതാണ്.

Edited,Prited ,Published and Owned by Biju John. Printed at 4 Prints for Co Operative Press Chungathara